# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




ഒക്ടോബർ 2024

## മിഷൻ ഞായർ ആശംസകൾ

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No.10 ഒക്ടോബർ 2024

ഫ്രാൻസിസ് പാപ്പായുടെ സന്ദേശം ........................ - 2
കച്ചേരിക്കാര്യം ............................................................ - 14
പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ ............. - 15
അജപാലനോത്തേജനവിഭാഗം .................................. - 16
റെയിൻബോ – 2021 .................................................... - 25
വിശ്വാസജീവിതപരിശീലനരംഗം ............................ - 26
ചെറുപുഷ്പ മിഷൻലീഗ് ............................................. - 30
സീറോ മലബാർ യൂത്ത് മൂവ്മെന്റ് ......................... - 32
കുടുംബപ്രേഷിതത്വം ................................................. - 36
പിതൃവേദി ..................................................................... - 38
മാതൃവേദി .................................................................... - 40
മേരി മാതാ മൈനർ സെമിനാരി ............................ - 44
മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി ..................... - 45
നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി .................. - 46
കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം ................. - 47
മരിയൻ റിട്രീറ്റ് സെന്റർ ........................................... - 53
സന്യസ്തർ ....................................................................... - 56
കെ.സി.എസ്.എൽ. ....................................................... - 63
തേനി മിഷൻ വാർത്തകൾ .......................................... - 64
മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ .......... - 66
ഡി.സി.എം.എസ്. ........................................................... - 70
ലീജിയൻ ഓഫ് മേരി ...................................................... - 72
ഫ്രാൻസിസ്ക്കൻ അല്മായസഭ ..................................... - 73
വിൻസെൻഷ്യൻ വേദി .................................................. - 75
ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി ........ - 79
വിമല പബ്ലിക്കേഷൻസ് ................................................ - 80
Special Care Homes & Charitable institution .......................... - 82
മലനാട് ഡവലപ്മെന്റ് സൊസൈറ്റി ....................... - 84
ഇൻഫാം ........................................................................ - 85
പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി ....................... - 86
രൂപതാവാർത്തകൾ ...................................................... - 91
Bishop's Engagements ........................................................ - 95



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No. 10 ഒക്ടോബർ 2024

No.: 4045/K-5/KCBC/OL/DS

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2024–ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

**(ഒക്ടോബർ 20, 2024)**

## പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ (മത്താ 22:9 കാണുക)

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹ വിരുന്നിന്റെ ഉപമയാണ് (മത്താ 22: 1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, ''അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ'' (വാ. 9). ഉപമയുടെയും യേശുവിന്റെതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാനഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, ''കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതദൗത്യം'' എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽകൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

### 1. *"പോയി ക്ഷണിക്കുവിൻ" : കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.*

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിത ദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: "പുറത്തേക്കു പോകുക," "ക്ഷണിക്കുക" എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിച്ചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപ്പുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽ ജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപ്പോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, "പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാ

വർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കു പോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (*Ad Gentes*) പ്രേഷിത ദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ ''നാൽകവലകളി''ലേക്ക് കടന്നുചെല്ലാനാവും. "സഭയിൽ ഇന്നു നടക്കുന്ന യാഥാർഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു 'തടവറ സൃഷ്ടിക്കുന്ന' സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറ

ങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം 'നമ്മുടേതാക്കി മാത്രം' സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; "നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു'' (*അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം*, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപ്പുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് "പോകാൻ" മാത്രമായിരുന്നില്ല; മറിച്ച്, "ക്ഷണിക്കാനും" ആയിരുന്നു. "വിവാഹവിരുന്നിനു വരുക" (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടുംകൂടിയും. അതേ രീതിയിൽ തന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യം പേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ "ശൈലി" നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കുകയും മൃതരിൽ നിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം'' (*സുവിശേഷത്തിന്റെ സന്തോഷം*, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളി

ലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പ കൊണ്ടും ആർദ്രത കൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലന മായി മാറും.

2. ***"വിവാഹാഘോഷത്തിലേക്ക്": ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.***

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യ ത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ 10:10 കാണുക); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8 കാണുക).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെ ക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: "ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം

സ്ഥിതി ചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം" (മർക്കോ 13:10 കാണുക). (*പ്രേഷിതപ്രവർത്തനം* [*Ad Gentes*], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, ‘‘കർത്താവ് അടുത്തെത്തിയിരിക്കുന്നു'' എന്ന് അറിയുന്നവരുടെ സന്തോഷ ത്തോടു കൂടി സുവിശേഷവൽകരണപ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറി ക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്ത ങ്ങളായ "വിരുന്നുകൾ" വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവ രെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവി ശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യ വിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യ

മേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ: "ഓരോ ദിവ്യപൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്" (*സ്നേഹത്തിന്റെ കൂദാശ* [*Sacramentum Caritatis*], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാം വിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചു പറയുന്നു: "പ്രേഷിത ദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യ മേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (*സ്നേഹത്തിന്റെ കൂദാശ,* 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശികസഭകളും അഭിനന്ദനാർഹമാം വിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ

വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!''

2025-ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മററ് ആരാധനക്രമാഘോഷങ്ങളിലും, ‘‘അങ്ങയുടെ രാജ്യം വരേണമേ" എന്ന അപേക്ഷയുള്ള "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

### 3. *"എല്ലാവരോടും" പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം*

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: "എല്ലാവരും". ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, ‘‘ഇതാണ് പ്രേഷിത ദൗത്യത്തിന്റെ

ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ'' (*പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനു നൽകിയ പ്രഭാഷണം* [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളും മൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. ''എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്" (1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: ''പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം'' (*സുവിശേഷത്തിന്റെ സന്തോഷം*, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹവിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ

ആജ്ഞപ്രകാരം സേവകർ ''ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി'' (മത്താ 22:10). എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും (ലൂക്ക 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. ''എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട് ഒരാൾ ''അതെ'' എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും "വിവാഹവസ്ത്രം" (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ,

സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് *പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ* (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന" (പ്രേഷിതപ്രവർത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിത ദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനു വേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് *വിശ്വാസപ്രചാരണ പൊന്തിഫിക്കൽ സംഘം* (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച മറിയത്തിലേക്ക് (യോഹ 2:1-12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാന കാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹ വിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലുംനിന്ന് ശക്തിസംഭരിച്ചുകൊണ്ട് (*സുവിശേഷത്തിന്റെ സന്തോഷം*, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങി പുറപ്പെടാം. പരിശുദ്ധ മറിയമേ, സുവി ശേഷവൽകരണ താരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം

പി.ഒ.സി., കൊച്ചി - 682 025

# കച്ചേരിക്കാര്യം

**1. കൊന്തനമസ്കാരം**

കൊന്തനമസ്കാരത്തിന് സഭയിലുള്ള പ്രാധാന്യം മനസ്സിലാക്കി ഒക്ടോബർ മാസത്തിലോ മംഗളവാർത്തക്കാലത്തോ (ഡിസംബർ) എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകളിലും സ്ഥാപനങ്ങളിലും കൊന്തനമസ്കാരം ആഘോഷപൂർവ്വമായി നടത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ (പത്തു ദിവസത്തെ ജപമാല) ബഹു. വികാരിയച്ചന്മാർ നൽകുമല്ലോ.

**2. മിഷൻ ഞായർ – ഒക്ടോബർ 20**

ആഗോളസഭ ഈ വർഷം മിഷൻ ഞായർ ആചരിക്കുന്നത് ഒക്ടോബർ 20-ാം തീയതിയാണ്. നമ്മുടെ രൂപതയിൽപ്പെട്ട ദൈവജനത്തിനു മിഷൻചൈതന്യത്തിൽ വളരാനും ആഴപ്പെടാനുമുതകുന്ന കാര്യപരിപാടികൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ക്രമപ്പെടുത്തി മിഷൻ ഞായർ ഉചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

എല്ലാ പള്ളികളിലും ഇക്കാര്യം അറിയിച്ച് മിഷൻ ഞായർ പിരിവെടുത്ത് നവംബർ 15-ാം തീയതിക്കകം രൂപതാ പ്രൊക്യുറേറ്ററെ ഏല്പിക്കേണ്ടതാണ്.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ജയിംസ് ഇലഞ്ഞിപ്പുറം | 9,997/- |
| റവ. ഫാ. സിബി കുരിശുംമൂട്ടിൽ | 10,000/- |
| റവ. ഫാ. സിബിച്ചൻ ചിന്താർമണിയിൽ | 12,500/- |
| റവ. ഫാ. തോമസ് ചീരംകുന്നേൽ | 10,000/- |
| റവ. ഫാ. തോമസ് മുണ്ടിയാനിക്കൽ | 50,000/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**(പ്രസിഡന്റ്)**

# അജപാലനോത്തേജന വിഭാഗം

**ആരാധന വത്സര കലണ്ടർ**

2024-2025 വർഷത്തെ ആരാധനവത്സര കലണ്ടറുകൾ കോപ്പിയൊന്നിന് 60/- രൂപയ്ക്ക് ലഭ്യമാകുന്നതാണ്. ഓഡറുകൾക്കനുസരിച്ച് മാത്രം പ്രിന്റിംഗ് നിർവ്വഹിക്കുന്നതിനാൽ ഒക്ടോബർ 20 നുള്ളിൽ ഓഡറുകൾ നല്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**കുമളി - അണക്കര ഫൊറോന ജൂബിലി ടീം**

കുമളി, അണക്കര ഫൊറോനയിലെ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് ടീമംഗങ്ങളുടെ പരിശീലനം സെപ്റ്റംബർ 1, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ നടത്തപ്പെട്ടു. റിസോഴ്സ് ടീമിലുൾപ്പെടുത്തപ്പെട്ട 16 അംഗങ്ങളെ തെരഞ്ഞെടുത്തയച്ച ബഹുമാനപ്പെട്ട വികാരി അച്ചൻമാർ, ടീമംഗങ്ങൾ, ക്ലാസ് ക്രമീകരണങ്ങൾ ചെയ്തു നല്കിയ അണക്കര ഫൊറോന വികാരി പീടികയിൽ ഏറ്റവും ബഹുമാനപ്പെട്ട ജേക്കബച്ചൻ കുമളി ഫൊറോന വികാരി പൂവത്താനിക്കുന്നേൽ ഏറ്റവും ബഹുമാനപ്പെട്ട തോമസച്ചൻ എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

**റിസോഴ്സ് ടീം പരിശീലനം**

കുമളി-അണക്കര, വെളിച്ചിയാനി ഫൊറോന റിസോഴ്സ് ടീമംഗങ്ങൾക്കായുള്ള ഓൺലൈൻ പരിശീലനം സെപ്റ്റംബർ 6, വെള്ളിയാഴ്ച വൈകുന്നേരം 8.30 മുതൽ നടത്തപ്പെട്ടു. ശ്രീ. തോമസുകുട്ടി പൂതക്കുഴി മാതൃകാക്ലാസ് അവതരിപ്പിച്ചു. തുടർന്ന് ചർച്ച നടത്തപ്പെട്ടു.

കുമളി - അണക്കര ഫൊറോന ടീമിന്റെ ഓൺലൈൻ പരിശീലനം സെപ്റ്റംബർ 19, വ്യാഴാഴ്ച വൈകുന്നേരം 8.30 മുതൽ ഓൺലൈനിൽ നടത്തപ്പെട്ടു. ആമുഖമായി നടത്തപ്പെട്ട ക്ലാസിനെ തുടർന്ന് ചർച്ച നടത്തപ്പെട്ടു.

**സുവർണ്ണജൂബിലി സന്യസ്ത സംഗമം**

നിർമ്മല തിയോളജിക്കൽ കോളജിലെ പൂർവവിദ്യാർത്ഥി കളായ സന്യാസിനികൾക്കായി വിവിധ ബാച്ചുകളിൽ നല്കിയ പരിശീലനം പൂർത്തിയായി. സെപ്റ്റംബർ 14, ശനിയാഴ്ച രാവിലെ 10 മണി മുതൽ താമരശ്ശേരി ഏറ്റവും ബഹു. കുര്യനച്ചൻ നയിച്ച ക്ലാസിലും ചർച്ചയിലും 73 സന്യാസിനികൾ പങ്കെടുത്തു.

ക്രമീകരണങ്ങളുടെ ഏകോപനത്തിന് നേതൃത്വം വഹിച്ച കോൺഫറൻസ് ഓഫ് റിലീജിയസ് ഇന്ത്യ പ്രസിഡന്റ് ബഹുമാനപ്പെട്ട സിസ്റ്റർ അമല എഫ്.സി.സി., വിമൻ റിലിജിയസ് ഏകോപന ഫോറം സെക്രട്ടറി ബഹു. സിസ്റ്റർ അൻസാ തുണ്ടിയിൽ എസ്.എച്ച്, റവ. സി. ലിൻസി എസ്.എച്ച്., സഹായസഹകരണങ്ങൾ നല്കിയ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ്, സന്യാസിനികൾ, സന്യാസാർത്ഥിനികൾ എന്നിവരെ സ്നേഹപൂർവം സ്മരിക്കുന്നു.

ഒക്ടോബർ 5, ശനിയാഴ്ച പൊടിമറ്റം നിർമ്മല തിയോളജിക്കൽ കോളജിലും ഒക്ടോബർ 12, ശനിയാഴ്ച കുട്ടിക്കാനം മരിയൻ കോളേജിലും സന്യസ്തസംഗമം നടത്തപ്പെടുന്നതാണ്. രൂപതാതിർത്തിയിൽ ജനറൽ/പ്രൊവിൻഷ്യൽ ഹൗസുകളില്ലാത്ത സന്യാസിനി സമൂഹങ്ങളിലെ ബഹുമാനപ്പെട്ട സന്യാസിനികളും ഇതുവരെ ക്ലാസിൽ പങ്കെടുക്കുന്നതിനവസരം ലഭിക്കാത്ത എല്ലാ സന്യാസിനികളും സൗകര്യപ്രദമായ ദിവസം തെരഞ്ഞെടുത്ത് പങ്കെടുക്കേണ്ടതാണ്.

പങ്കെടുക്കുന്നവരുടെ എണ്ണം സംബന്ധിച്ചുള്ള വിവരം ഒക്ടോബർ 2 ന് മുമ്പായി റവ. സി. അൻസാ തുണ്ടിയിൽ എസ്.എച്ച്.

നെ അറിയിക്കുന്നതിന് (Mob:9061773578) ഓരോ കോൺവെന്റി ലെയും സുപ്പീരിയേഴ്സ് ശ്രദ്ധിക്കേണ്ടതാണ്.

**ഇടയകൂടാരം**

വൈദിക തുടർപരിശീലന പരിപാടിയായ ഇടയകൂടാരം ഒക്ടോബർ 14, തിങ്കൾ മുതൽ ഒക്ടോബർ 16 ബുധൻ വരെയും ഒക്ടോബർ 28, തിങ്കൾ മുതൽ ഒക്ടോബർ 30, ബുധൻ വരെയും വിവിധ ബാച്ചുകളിൽ നടത്തപ്പെടുന്നു.

തിങ്കളാഴ്ച വൈകുന്നേരം 5.00 മണി മുതൽ ബുധനാഴ്ച വൈകുന്നേരം 5.00 മണി വരെ വാഴൂർ അനുഗ്രഹയിൽ വച്ച് നടത്തപ്പെടുന്ന പരിശീലന പരിപാടിയിൽ താമസിച്ച് പൂർണ്ണമായി പങ്കെടുക്കേണ്ടതിനാൽ ഇടവകയിലും ശുശ്രൂഷ സ്ഥലങ്ങളിലും വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**സുവർണ്ണ-രജത ജൂബിലി**

ശുശ്രൂഷാപൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ രജതജൂബിലിവർഷത്തിലായിരിക്കുന്ന വൈദികരുടെ സംഗമം ഒക്ടോബർ 30, ശനിയാഴ്ച വൈകുന്നേരം കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്.

**നന്ദി, സ്വാഗതം**

പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ കഴിഞ്ഞ മെയ് മാസം മുതൽ സെപ്റ്റംബർ വരെ സ്മരണീയ ശുശ്രൂഷ നിർവ്വഹിച്ച എലിക്കുളം ഇടവകാംഗമായ ക്ലമന്റ് കല്ലൂരാത്തിനെ സ്നേഹപൂർവം സ്മരിക്കുന്നു.

പാസ്റ്ററൽ ആനിമേഷൻ ഓഫീസിൽ ശുശ്രൂഷയ്ക്കായി എത്തിയിരിക്കുന്ന എബിൻ ആലഞ്ചേരിക്ക് (ഇടക്കുന്നം ഇടവകാംഗം) ഹൃദ്യമായ സ്വാഗതം.

**ജീവൻ ദശാംശം**

ജീവൻ ദശാംശ ശേഖരണത്തിലൂടെ ഇടവകകളിൽ സമാഹരിച്ച തുക, ഇടവക വിഹിതം എന്നിവ സംബന്ധിച്ചുള്ള വിശദവിവരങ്ങൾ ചേർത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

ജീവൻ 2024 ദശാംശശേഖരണത്തിലൂടെ 1,93,38,311.00, (ഒരു കോടി തൊണ്ണൂറ്റി മൂന്നു ലക്ഷത്തി മുപ്പത്തെണ്ണായിരത്തി മുന്നൂറ്റി പതിനൊന്ന്) രൂപാ സമാഹരിച്ചു. നേതൃത്വം വഹിച്ചവരെയും പങ്കാളികളായവരെയും നന്ദിയോടെ സ്മരിക്കുന്നു.

**ദശാംശ വിഹിത വിതരണം താഴെ പറയുന്ന ക്രമത്തിലാണ്.**

ഇടവകകൾ : 75%

അഭിവന്ദ്യ പിതാവിന്റെ അടിയന്തിരസഹായനിധി : 5/25

ജീവൻ പദ്ധതി പ്രവർത്തന നിധി : 5/25

അടിയന്തിര സഹായമർഹിക്കുന്ന ഇടവകകൾക്കുള്ളത് : 5.5/25

വൈദികക്ഷേമം : 5/25

പാസ്റ്ററൽ ആനിമേഷൻ പ്രവർത്തനങ്ങൾ : 4.5/25

**അജപാലന ഡിപ്പാർട്ട്മെന്റുകൾക്കുള്ള വിഹിതം : 12,25,000/-**

(എ.കെ.സി.സി. ,ആവേ മരിയ റിട്രീറ്റ് സെന്റർ, ബൈബിൾ അപ്പസ്തോലേറ്റ്, കരിസ്മാറ്റിക്ക് റിന്യൂവൽ, ഡി.സി.എം.എസ്., കാഞ്ഞിരപ്പള്ളി കൾച്ചറൽ സെന്റർ (കെ.സി.സി.), കെ.സി.എസ്.എൽ., ലിറ്റർജി ഡിപ്പാർട്ട്മെന്റ്, മാതൃവേദി, മീഡിയ 12 (M12), സാരഥി, റ്റെമ്പറൻസ് മൂവ്മെന്റ്, മിഷൻ, യുവദീപ്തി - എസ്.എം.വൈ.എം.)

2024 വർഷത്തെ ജീവൻ ദശാംശ ശേഖരണം, ഇടവക വിഹിതം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## Diocese of Kanjirappally

## TITHE COLLECTION & DISTRIBUTION 2024 (Forane-wise)

| Name of the Church | Collection | Preliminary Allocation | Proportional Share | Grand total of Allocation |
|---|---|---|---|---|
| **Anakkara Forane** | A | B | E | F |
| Anakkara | 375,000 | 17,000 | 234,940 | 251,940 |
| Chakkupallam | 80,490 | 17,000 | 41,666 | 58,666 |
| Chellarcoil | 148,612 | 17,000 | 86,371 | 103,371 |
| Cumbummettu | 15,450 | - | - | 15,450 |
| Greenvalley | 30,150 | 17,000 | 8,630 | 25,630 |
| Karunapuram | 59,865 | 17,000 | 28,128 | 45,128 |
| Kochera | 88,710 | 17,000 | 46,950 | 63,950 |
| Kuzhitholu | 138,215 | 17,000 | 79,548 | 96,548 |
| Nettithozhu | 183,810 | 17,000 | 109,470 | 126,470 |
| Puttady | 200,000 | 17,000 | 120,095 | 137,095 |
| Vandanmedu | 9,000 | - | - | 9,000 |
| **Erumely Forane** | | | | |
| Angelvalley | 43,080 | 17,000 | 17,115 | 34,115 |
| Arayanjilimannu | 12,600 | 17,000 | | 17,000 |
| Elivalikkara | 28,000 | 17,000 | 7,219 | 24,219 |
| Erumely | 244,250 | 17,000 | 149,135 | 166,135 |
| Eruthuapuzha | 32,695 | 17,000 | 10,300 | 27,300 |
| Kanamala | - | - | - | - |
| Kannimala | 133,510 | 17,000 | 76,461 | 93,461 |
| Kollamula | 314,360 | 17,000 | 195,145 | 212,145 |
| Kurumpanmuzhy | 62,960 | 17,000 | 30,162 | 47,162 |
| Manipuzha | 109,330 | 17,000 | 60,592 | 77,592 |
| Mukkoottuthara | 110,940 | 17,000 | 61,649 | 78,649 |
| Niravu | 36,000 | 17,000 | 12,469 | 29,469 |
| Panapilavu | 38,620 | 17,000 | 14,188 | 31,188 |
| Pazhaya Koratty | 54,460 | 17,000 | 24,583 | 41,583 |
| Thulappally | 72,830 | 17,000 | 36,639 | 53,639 |
| Umikkuppa | 32,060 | 17,000 | 9,883 | 26,883 |
| Vechoochira | 258,960 | 17,000 | 158,788 | 175,788 |

| | | | | |
|---|---|---|---|---|
| **Kanjirapally Forane** | | | | |
| Anakkal | 626,730 | 17,000 | 387,070 | 404,070 |
| Anchilippa | 217,800 | 17,000 | 131,777 | 148,777 |
| Cheruvally | 111,010 | 17,000 | 61,695 | 78,695 |
| Kanjirapally | 1,607,771 | 17,000 | 1,043,957 | 1,060,957 |
| Kappadu | 448,195 | 17,000 | 282,975 | 299,975 |
| Karikkattoor | 61,840 | 17,000 | 29,427 | 46,427 |
| Koovappally | 461,815 | 17,000 | 291,914 | 308,914 |
| KorattyPuthenpalli | 156,860 | 17,000 | 91,784 | 108,784 |
| Kunnumbhagam | 473,300 | 17,000 | 299,451 | 316,451 |
| Pazhayidom | 106,405 | 17,000 | 58,673 | 75,673 |
| Thamarakunnu | 436,710 | 17,000 | 274,844 | 291,844 |
| Thampalackadu | 130,630 | 17,000 | 74,571 | 91,571 |
| Tharakanattukunnu | 78,665 | 17,000 | 40,468 | 57,468 |
| **Kattappana Forane** | | | | |
| Grace Mount | 40,500 | 17,000 | 15,422 | 32,422 |
| Grace Valley | 18,500 | 17,000 | 984 | 17,984 |
| Kalthotty | 83,015 | 17,000 | 43,323 | 60,323 |
| Kanchiyar | 162,410 | 17,000 | 95,427 | 112,427 |
| Kattappana | 680,000 | 17,000 | 435,099 | 452,099 |
| Kochuthovala | 71,580 | 17,000 | 35,819 | 52,819 |
| Marykulam | 283,159 | 17,000 | 174,669 | 191,669 |
| Mepara | 24,640 | 17,000 | 5,014 | 22,014 |
| Mettukuzhi | 15,020 | 17,000 | - | 17,000 |
| Nariampara | 50,450 | 17,000 | 21,952 | 38,952 |
| Swaraj | 47,840 | 17,000 | 20,239 | 37,239 |
| Valiyathovala | 129,410 | 17,000 | 73,770 | 90,770 |
| Vallakkadavu | 29,300 | 17,000 | 8,072 | 25,072 |
| **Kumily Forane** | | | | |
| Amaravathy | 104,880 | 17,000 | 57,672 | 74,672 |
| Anavilasam | 112,340 | 17,000 | 62,568 | 79,568 |
| Keerikara | 59,650 | 17,000 | 27,989 | 44,989 |
| Kumily | 402,330 | 17,000 | 252,876 | 269,876 |
| Mlamala | 76,070 | 17,000 | 38,765 | 55,765 |
| Nazranipuram | 220,846 | 17,000 | 133,776 | 150,776 |
| Periyar Vallakadavu | 57,210 | 17,000 | 26,388 | 43,388 |

| | | | | |
|---|---|---|---|---|
| Santhigiri | 27,790 | 17,000 | 7,081 | 24,081 |
| Vellaramkunnu | 87,835 | 17,000 | 46,486 | 63,486 |
| Wallardie | 154,400 | 17,000 | 90,170 | 107,170 |
| **Mundakayam Forane** | | | | |
| Koruthodu | 156,650 | 17,000 | 91,646 | 108,646 |
| Madukka | 60,000 | 17,000 | 28,219 | 45,219 |
| Mangapetta | | | | |
| Mukkulam | 13,310 | 17,000 | - | 17,000 |
| Mulamkunnu | 23,330 | 17,000 | 4,154 | 21,154 |
| Mundakayam | 278,500 | 17,000 | 171,612 | 188,612 |
| Nirmalagiri | 53,540 | 17,000 | 23,979 | 40,979 |
| Paloorkkavu | 76,090 | 17,000 | 38,778 | 55,778 |
| Punchavayal | 101,786 | 17,000 | 55,641 | 72,641 |
| Thekkemala | 50,320 | 17,000 | 21,867 | 38,867 |
| Vadakkemala | 8,160 | 12,000 | - | 12,000 |
| Vandanpathal | 183,270 | 17,000 | 109,116 | 126,116 |
| Yendayar | 16,370 | 17,000 | - | 17,000 |
| **Mundiyeruma Forane** | | | | |
| Aniyartholu | 20,270 | 17,000 | 2,146 | 19,146 |
| Chembalam | 137,860 | 17,000 | 79,315 | 96,315 |
| Chottupara | 16,250 | 17,000 | - | 17,000 |
| Mundiyeruma | 94,920 | 17,000 | 51,136 | 68,136 |
| Nirmalapuram | 10,845 | 12,000 | - | 12,000 |
| Pampadumpara | 21,875 | 17,000 | 3,199 | 20,199 |
| Pulianmala | 135,015 | 17,000 | 77,448 | 94,448 |
| Ramakkalmedu | 98,979 | 17,000 | 53,799 | 70,799 |
| Sanyasiyoda | 17,620 | 17,000 | 407 | 17,407 |
| Third Camp | 67,430 | 17,000 | 33,095 | 50,095 |
| **Pathanamthitta Forane** | | | | |
| Cheenkalthadam | 8,900 | 12,000 | - | 12,000 |
| Konni | 40,400 | 17,000 | 15,356 | 32,356 |
| Koothattukulam | 16,250 | 17,000 | - | 17,000 |

| | | | | |
|---|---|---|---|---|
| Kozhancherry | 15,000 | - | - | 15,000 |
| Meenkuzhy | 24,700 | 17,000 | 5,053 | 22,053 |
| Pathanamthitta | 92,450 | 17,000 | 49,515 | 66,515 |
| Pezhumpara | 35,235 | 17,000 | 11,967 | 28,967 |
| Seethathodu | 31,575 | 17,000 | 9,565 | 26,565 |
| Vakayar | 6,750 | 12,000 | - | 12,000 |
| **Peruvanthanam Forane** | | | | |
| Amalagiri | 38,200 | 17,000 | 13,913 | 30,913 |
| Azhangad | 14,660 | 17,000 | - | 17,000 |
| Cheruvallikulam | 42,620 | 17,000 | 16,813 | 33,813 |
| Christunagar | 18,090 | 17,000 | 715 | 17,715 |
| Elappara | 56,845 | 17,000 | 26,149 | 43,149 |
| Kanayankavayal | 50,635 | 17,000 | 22,073 | 39,073 |
| Kuttikkanam | 73,350 | 17,000 | 36,980 | 53,980 |
| Meloram | 22,610 | 17,000 | 3,682 | 20,682 |
| Nallathanny | 10,320 | 12,000 | - | 12,000 |
| Peermade | 120,000 | 17,000 | 67,595 | 84,595 |
| Peruvanthanam | 79,340 | 17,000 | 40,911 | 57,911 |
| Purakkayam | 6,540 | 12,000 | - | 12,000 |
| **Ponkunnam Forane** | | | | |
| Anickadu | 558,730 | 17,000 | 355,515 | 372,515 |
| Chamampathal | 118,556 | 17,000 | 66,647 | 83,647 |
| Chengalam | 258,650 | 17,000 | 158,585 | 175,585 |
| Chenkal | 366,320 | 17,000 | 229,244 | 246,244 |
| Chennakkunnu | 50,101 | 17,000 | 21,723 | 38,723 |
| Elamgulam | 939,960 | 17,000 | 605,700 | 622,700 |
| Elangoi | 95,905 | 17,000 | 51,782 | 68,782 |
| Elikkulam | 190,505 | 17,000 | 113,764 | 130,764 |
| Neyyattuserry | 87,465 | 17,000 | 46,243 | 63,243 |
| Padanilam | 26,620 | 17,000 | 6,313 | 23,313 |
| Ponkunnam | 527,480 | 17,000 | 335,007 | 352,007 |
| Pullanithakidy | 63,950 | 17,000 | 30,811 | 47,811 |
| Thachapuzha | 85,600 | 17,000 | 45,019 | 62,019 |

| | | | | |
|---|---|---|---|---|
| Vanchimala | 54,840 | 17,000 | 24,833 | 41,833 |
| **Ranni Forane** | | | | |
| Bethany Hills | 5,355 | 12,000 | - | 12,000 |
| Chempanoly | 29,200 | 17,000 | 8,006 | 25,006 |
| Edamon | 29,600 | 17,000 | 8,269 | 25,269 |
| Kannampally | 67,850 | 17,000 | 33,371 | 50,371 |
| Perumthenaruvi | 13,170 | 17,000 | - | 17,000 |
| Perunad | 18,350 | 17,000 | 886 | 17,886 |
| Placherry | 44,850 | 17,000 | 18,277 | 35,277 |
| Ranni | 65,400 | 17,000 | 31,763 | 48,763 |
| **Upputhara Forane** | | | | |
| Alampally | 34,715 | 17,000 | 11,626 | 28,626 |
| Chemmannu | 66,495 | 17,000 | 32,482 | 49,482 |
| Chinnar | 51,785 | 17,000 | 22,828 | 39,828 |
| Mariagiri | 36,780 | 17,000 | 12,981 | 29,981 |
| Pulinkatta | 38,635 | 17,000 | 14,198 | 31,198 |
| Pullikkanam | 30,500 | 17,000 | 8,859 | 25,859 |
| Rajagiri | 63,575 | 17,000 | 30,562 | 47,562 |
| Uluppooni | 11,850 | 12,000 | - | 12,000 |
| Upputhara | 181,325 | 17,000 | 107,840 | 124,840 |
| **Velichiyani Forane** | | | | |
| Edakkunnam | 58,410 | 17,000 | 27,176 | 44,176 |
| Inchiyany | 90,405 | 17,000 | 48,173 | 65,173 |
| John Paul Nagar | 105,530 | 17,000 | 58,099 | 75,099 |
| Karikulam | 112,510 | 17,000 | 62,679 | 79,679 |
| Mangapara | 18,470 | 17,000 | 965 | 17,965 |
| Palampra | 84,690 | 17,000 | 44,422 | 61,422 |
| Palapra | 60,230 | 17,000 | 28,370 | 45,370 |
| Podimattam | 730,525 | 17,000 | 468,136 | 485,136 |
| Poomattam | 20,400 | 17,000 | 2,231 | 19,231 |
| Velichiyani | 625,300 | 17,000 | 399,182 | 416,182 |
| **Total** | **19,338,311** | **2,408,000** | **11,100,704** | **13,548,154** |

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ഡയറക്ടർ**

# റെയിൻബോ 2021

റെയിൻബോ പദ്ധതി നിർമ്മിച്ച ഭവനങ്ങളുടെ ആശീർവാദം ഒക്ടോബർ ആദ്യവാരങ്ങളിൽ പൂർത്തിയാകുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ജനറൽ കോർഡിനേറ്റർ**

---

## സ്നേഹസ്മരണയ്ക്ക്



**ഫാ. തോമസ് വീട്ടുവേലിക്കുന്നേൽ**
**(06.10.1982)**



**ഫാ. എബ്രാഹം മണ്ണംപ്ലാക്കൽ**
**(10.10.2017)**



**ഫാ. മാത്യു നെല്ലരി**
**(10.10.2018)**



**ഫാ. ജോർജ് കുത്തിവളച്ചേൽ**
**(15.10.1995)**



**ഫാ. ജേക്കബ് കാവാലം**
**(19.10.2011)**



**ഫാ. ജോസഫ് തൈപ്പറമ്പിൽ**
**(25.10.1996)**

# വിശ്വാസജീവിത പരിശീലനം

**2024 ഒക്ടോബർ മാസത്തെ കർമ്മപരിപാടികൾ**

1 ചൊവ്വ : വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ

2 ബുധൻ : HDC (ക്ലാസ് 5), പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി

6 ഞായർ : അർദ്ധവാർഷിക പരീക്ഷ
ലിറ്റിൽ ഫ്ളവർ, സെന്റ് ഡോമിനിക് സാവിയോ
വിഭാഗങ്ങൾ (11.00 am - 1.00 pm)
സെന്റ് അൽഫോൻസാ വിഭാഗം (2.00 pm - 4.00 pm)
സെന്റ് തോമസ് വിഭാഗം (2.00 pm - 4.30 pm)

12 ശനി : CTC ക്ലാസ്: പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി

15 ചൊവ്വ : 11-ാം ക്ലാസിലെ കുട്ടികളുടെ പ്രോജക്ടും അതിന്റെ മാർക്കും രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി

: ആവിലായിലെ വി. അമ്മത്രേസ്യായുടെ തിരുനാൾ

16 ബുധൻ : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചന്റെ തിരുനാൾ

18 വെള്ളി : വിശുദ്ധ ലൂക്കാ സുവിശേഷകന്റെ തിരുനാൾ

19 ശനി : ലൈഫ് ലൈൻ (എട്ടാം ക്ലാസിലെ കുട്ടികൾക്ക്)
അണക്കര, മുണ്ടിയെരുമ ഫൊറോനകൾ
19-ാം തീയതി 9.30 am മുതൽ 3.30 pm വരെയും
20-ാം തീയതി 9.30 am മുതൽ 3.30 pm വരെയും.

സ്ഥലം: പുളിയന്മല സെന്റ് ആന്റണീസ് പള്ളി

: SMCC മേഖലാതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നവരുടെ പേരും രജിസ്ട്രേഷൻ ഫീസും നൽകേണ്ട അവസാന തീയതി

22 ചൊവ്വ : വി. ജോൺ പോൾ രണ്ടാമൻ പാപ്പായുടെ തിരുനാൾ

26 ശനി : ലൈഫ് ലൈൻ (എട്ടാം ക്ലാസിലെ കുട്ടികൾക്ക്)
എരുമേലി ഫൊറോന
സ്ഥലം: മുക്കൂട്ടുതറ സെന്റ് തോമസ് പള്ളി
26-ാം തീയതി 9.30 am മുതൽ 3.30 pm വരെയും
27-ാം തീയതി 9.30 am മുതൽ 3.30 pm വരെയും.

28 തിങ്കൾ : വി. ശിമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാരുടെ തിരുനാൾ

31 വ്യാഴം : രൂപതാ കലോത്സവം
(മരിയൻ കോളേജ്, കുട്ടിക്കാനം)

നവംബർ 2 ശനി

: SMCC മേഖലാതല ശില്പശാല
പി.എ.സി. അണക്കര (ഹൈറേഞ്ച് മേഖല)
പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി (ലോറേഞ്ച് മേഖല)

: വിശ്വാസജീവിത പരിശീലകരുടെ ലേഖനമത്സരത്തിലെ കൃതികൾ രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന ദിവസം

**ലൈഫ് ലൈൻ**

അണക്കര, മുണ്ടിയെരുമ ഫൊറോനകളിലെ 8-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി ഒക്ടോബർ 19, 20 തീയതികളിൽ

പുളിയന്മല സെന്റ് ആന്റണീസ് പള്ളിയിൽ വച്ചും ഒക്ടോബർ 26, 27 തീയതികളിൽ എരുമേലി ഫൊറോനയിലെ 8-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി മുക്കൂട്ടുതറ സെന്റ് തോമസ് പള്ളിയിൽ വച്ചും ലൈഫ് ലൈൻ പ്രോഗ്രാം നടക്കുന്നതാണ്.

**രൂപതാ കലോത്സവം**

രൂപതാ കലോത്സവം ഒക്ടോബർ 31-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 ന് കുട്ടിക്കാനം മരിയൻ കോളേജിന്റെ MBA ബ്ലോക്കിൽ ആരംഭിക്കും. രൂപതാ സാഹിത്യോത്സവം (രചന, പെയിന്റിംഗ് മത്സരങ്ങൾ) നവംബർ 24 നും ഏകദിന പരിശീലന പരിപാടി (സെന്റ് തോമസ് വിഭാഗം ഉപന്യാസം, സെന്റ് അൽഫോൻസാ വിഭാഗം സമൂഹഗാനം) നവംബർ 10 നും ആയിരിക്കും നടക്കുക. രൂപതാ ആനിമേറ്റേഴ്സ്, ഓഫീസ് സ്റ്റാഫ് അംഗങ്ങൾ, മിഷൻലീഗ് എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ കലോത്സവ പരിപാടികൾക്ക് നേതൃത്വം നൽകും.

**SMCC പ്രതിഭാസംഗമം : മേഖലാതല ശില്പശാല**

ഇടവകയിലെ 12-ാം ക്ലാസിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടുവരുന്നവർക്കായി (രണ്ട് ആൺകുട്ടികളും രണ്ട് പെൺകുട്ടികളും) ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു. ഹൈറേഞ്ച് മേഖലയ്ക്കായുള്ള (അണക്കര, കട്ടപ്പന, മുണ്ടിയെരുമ, കുമളി, ഉപ്പുതറ ഫൊറോനകൾ) ശില്പശാല 2024 നവംബർ 2-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്ററിൽ വച്ചും (PAC) ലോറേഞ്ച് മേഖലയിലെ ശില്പശാല അതേ ദിവസം തന്നെ കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചും നടത്തുന്നതാണ്. ഇടവകകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്നവർക്കായുള്ള രജിസ്ട്രേഷൻ ഫീസ് (150 രൂപ) അതാത് ഇടവകകളിൽ നിന്ന് നൽകുമല്ലോ.

## സെപ്റ്റംബർ ഡയറി

### HDC കോഴ്സ്

സെപ്റ്റംബർ 17-ാം തീയതി HDC കോഴ്സ് നടന്നു. ബഹു. ഡൊമിനിക് വെച്ചൂർ അച്ചൻ ക്ലാസ് നയിച്ചു.

### ലൈഫ് ലൈൻ

കട്ടപ്പന, ഉപ്പുതറ ഫൊറോനകളിലെ 8-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്കായി സെപ്റ്റംബർ 18, 19 തീയതികളിൽ കട്ടപ്പന ഫൊറോനാ കേന്ദ്രത്തിൽ വച്ച് ലൈഫ് ലൈൻ ക്ലാസുകൾ നടന്നു.

### ഫൊറോനാ കലോത്സവം - നന്ദി, അഭിനന്ദനങ്ങൾ.

ഫൊറോനാ കലോത്സവങ്ങൾ മാതൃകാപരമായി നടത്താൻ അത്യദ്ധ്വാനം ചെയ്ത ബഹുമാനപ്പെട്ട ഫൊറോനാ ഡയറക്ടർ അച്ചന്മാർക്കും മറ്റു വൈദികർക്കും ഫൊറോനാ സെക്രട്ടറിമാർക്കും ടീം അംഗങ്ങൾക്കും ആത്മാർത്ഥമായ നന്ദിയും അനുമോദനങ്ങളും.

### നന്ദി

കഴിഞ്ഞ 6 മാസക്കാലം രൂപതാ വിശ്വാസജീവിത പരിശീലന കേന്ദ്രത്തിലും സി.എം.എൽ രൂപതാ ഓഫീസിലും റീജന്റായി സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച ബ്രദർ തോമസ് (ജിത്തു) കണ്ടത്തിലിന് ഹൃദയം നിറഞ്ഞ നന്ദി. അണക്കര പി.എ.സി.യിൽ റീജൻസി ശുശ്രൂഷ തുടരുന്ന ബ്രദറിന് ആശംസകൾ, പ്രാർത്ഥനകൾ.

### സ്വാഗതം

വിശ്വാസജീവിത പരിശീലനത്തിന്റെ കേന്ദ്രകാര്യാലയത്തിലും സി.എം.എൽ രൂപതാ ഓഫീസിലും റീജൻസി ആരംഭിച്ചിരിക്കുന്ന ബ്രദർ തോമസ് (റ്റോബിൻ) ഏറത്തുകുന്നേലിന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ഒക്ടോബർ മാസത്തെ കർമ്മപരിപാടികൾ**

1 ചൊവ്വ : മിഷൻ ലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ

: സി.എം.എൽ. അംഗത്വ നവീകരണദിനം

3 വ്യാഴം : ചെറുപുഷ്പമിഷൻലീഗ് 78-ാം സ്ഥാപകദിനം

12 ശനി : മിഷൻ സന്ദേശ് 2024

: മിഷൻ ക്വിസ് 2024 ൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് കേന്ദ്ര ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി

20 ഞായർ - മിഷൻ ഞായർ

**വിശുദ്ധ കൊച്ചുത്രേസ്യായുടെ തിരുനാൾ**

2024 സെപ്റ്റംബർ മാസം രൂപതാ ബുള്ളറ്റിനിൽ നൽകിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് അംഗത്വനവീകരണം നടത്താൻ ശ്രദ്ധിക്കുമല്ലോ.

**മിഷൻ സന്ദേശ് 2024**

നമ്മുടെ രൂപതയിൽ ഇടവകകളിൽ പള്ളി നിർമ്മിക്കുന്നതിനും പ്രേഷിത മേഖലകളെ സഹായിക്കുന്നതിനുമുള്ള സഹായനിധിയാണ് മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പ്രേഷിത പ്രവർത്തനമായ 'മിഷൻ സന്ദേശ്'. ഈ വർഷത്തെ മിഷൻസന്ദേശ് ഒക്ടോബർ 12 ശനിയാഴ്ചയാണ് നടത്തപ്പെടുന്നത്.

മിഷൻലീഗ് അംഗങ്ങൾ തങ്ങളുടെ ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് കുടുംബാംഗങ്ങളോടൊത്ത് പ്രാർത്ഥിച്ച് പള്ളി നിർമ്മാണത്തിനും മിഷനെ സഹായിക്കുന്നതിനും സംഭാവനകൾ സ്വീകരിക്കുന്നു. മുക്കൂട്ടുതറ സെന്റ് തോമസ് ഇടവകപള്ളി നിർമ്മാണത്തിനുവേണ്ടിയും കമ്പം - തേനി മിഷനെ സഹായിക്കുന്നതിനും വേണ്ടിയാണ് ഈ വർഷം സംഭാവന സ്വീകരിക്കുന്നത് എന്ന വിവരം ഇടവകകളിൽ അറിയിക്കാൻ ശ്രദ്ധിക്കുമല്ലോ.

മിഷൻ സന്ദേശിൽ ലഭിച്ച തുക കഴിയുന്നതും നേരത്തെ രൂപതാ ഓഫീസിൽ എത്തിച്ചുതരാൻ അഭ്യർത്ഥിക്കുന്നു. പതിനായിരം രൂപയിൽ കൂടുതലുള്ള തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് അയയ്ക്കുമല്ലോ. അതിനുശേഷം പണം അയച്ചതിന്റെ കൗണ്ടർഫോയിൽ അല്ലെങ്കിൽ Online payment screen shot വാട്സ് ആപ്പ് വഴി രൂപതാ മിഷൻലീഗ് ഓഫീസിലേയ്ക്ക് അയച്ചുതരുന്നതും വിവരം ഫോണിൽ വിളിച്ച് അറിയിക്കുന്നതും കണക്ക് കൃത്യമായി ചെയ്യുന്നതിന് സഹായകമായിരിക്കും. താഴെ തന്നിരിക്കുന്ന അക്കൗണ്ടിലേയ്ക്ക് മാത്രമേ മിഷൻ സന്ദേശ് തുക അയയ്ക്കാവൂ. സുവാറയുടെ അക്കൗണ്ടിലേയ്ക്ക് അയയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

Bank Account details

South Indian Bank KPLY
A/c No. 0113053000005241
IFSC SIBL 0000113
A/c Holder . Vicar General & Director
CML Diocese of Kanjirappally
(മിഷൻ സന്ദേശ് സംബന്ധിച്ച് Catechetical Directory - 2024 - 2025 page 82ൽ ഉള്ള കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.)

**മിഷൻ ക്വിസ് 2024**

ഈ വർഷത്തെ മിഷൻക്വിസ് നവംബർ 9-ാം തീയതി ശനിയാഴ്ച രാവിലെ 9.45 ന് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച്

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്.എം.വൈ.എം.)

**2024 ഒക്ടോബർ**

2 ഉത്സവ് (ഫൊറോനതലം)

12-13 National Youth Meet

19-20 ടീൻഫെസ്റ്റ് - കാഞ്ഞിരപ്പള്ളി

20 രചനാമത്സരം ഉത്സവ് (രൂപതാതലം)

19-30 അഖണ്ഡജപമാല

26-27 ടീൻഫെസ്റ്റ്

29 Hello Saints Day

31 ഉത്സവ് കലാമത്സരം - രൂപതാതലം

---

## ചെറുപുഷ്പ മിഷൻ ലീഗ്

നടത്തുന്നതാണ്. 5 മുതൽ 10 വരെ ക്ലാസുകളിൽ വിശ്വാസജീവിത പരിശീലനം നടത്തുന്ന മൂന്ന് കുട്ടികളുടെ ഒരു ടീമാണ് ഒരു ഇടവകയിൽ നിന്ന് പങ്കെടുക്കേണ്ടത്. എല്ലാ ഇടവകകളിൽനിന്നും കുട്ടികളെ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കുന്നവരുടെ പേരും രജിസ്ട്രേഷൻ ഫീസായ 400 രൂപായും ഒക്ടോബർ 15 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ Catechetical Directory 2024-2025 പേജ് 83 ൽ ഉള്ളത് ശ്രദ്ധിക്കുമല്ലോ.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

**ഓൺലൈൻ ജപമാല**

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനൊരുക്കമായി എസ്.എം.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 'അമ്മയോടൊപ്പം യുവജനങ്ങൾ' എന്ന ഓൺലൈൻ ജപമാല യജ്ഞത്തിന്റെ മൂന്നാം ദിനമായ ചൊവ്വാഴ്ച (സെപ്റ്റംബർ 3) കാഞ്ഞിരപ്പള്ളി, ഇരിങ്ങാലക്കുട രൂപതകൾ നേതൃത്വം നൽകി. 8 pm ന് ആരംഭിച്ച പരിശുദ്ധ ജപമാലയിൽ കാഞ്ഞിരപ്പള്ളി രൂപതാ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് മരിയൻ സന്ദേശം നൽകി യുവജനങ്ങളെ ആശീർവദിച്ചു.

**ഓൺലൈൻ എക്സിക്യൂട്ടീവ് സമ്മേളനം**

സെപ്റ്റംബർ 4 ബുധനാഴ്ച വൈകിട്ട് 8.30 മുതൽ ഓൺലൈൻ എക്സിക്യൂട്ടീവ് സമ്മേളനം നടത്തപ്പെട്ടു. മരിയൻ പദയാത്ര, ഉത്സവ് എന്നീ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ് ഇതിൽ നടത്തപ്പെട്ടത്.

**മരിയൻ പദയാത്ര**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. യുവദീപ്തിയുടെ നേതൃത്വത്തിൽ എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി പൊൻകുന്നം ഹോളി ഫാമിലി ഫൊറോന ദൈവാലയത്തിൽനിന്നും അക്കരയമ്മയുടെ സവിധത്തിലേയ്ക്ക് മരിയൻ പദയാത്ര നടത്തി. കാഞ്ഞിരപ്പള്ളി, പൊൻകുന്നം, റാന്നി, പത്തനംതിട്ട, വെളിച്ചിയാനി, മുണ്ടക്കയം, പെരുവന്താനം, എരുമേലി എന്നീ ഫൊറോനകളിൽ നിന്ന് നിരവധി യുവജനങ്ങൾ പദയാത്രയിൽ പങ്കെടുത്തു. അക്കരപ്പള്ളിയിൽ സമാപിച്ച പദയാത്രയിൽ കാഞ്ഞിരപ്പള്ളി രൂപതാമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

## ഖേലോത്സവ്

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. യുവദീപ്തിയുടെ നേതൃത്വത്തിൽ 2024 വർഷത്തെ ഖേലോത്സവ് - രൂപതാതല കായികമത്സരങ്ങൾ നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ ഫൊറോനകളിൽ നിന്നും ടീമുകൾ മത്സരത്തിൽ പങ്കെടുത്തു.

**വിവിധ ഇനങ്ങളിലെ വിജയികൾ**

ഫുട്ബോൾ

ചാമ്പ്യൻസ് - കട്ടപ്പന ഫൊറോന
റണ്ണറപ്പ് - ഉപ്പുതറ ഫൊറോന
സെക്കന്റ് റണ്ണറപ്പ് - കാഞ്ഞിരപ്പള്ളി ഫൊറോന

വോളിബോൾ

ചാമ്പ്യൻസ് - കുമളി ഫൊറോന
റണ്ണറപ്പ് - ഉപ്പുതറ ഫൊറോന
സെക്കന്റ് റണ്ണറപ്പ് - കാഞ്ഞിരപ്പള്ളി ഫൊറോന

ബാഡ്മിന്റൺ - Boys

ചാമ്പ്യൻസ് - കാഞ്ഞിരപ്പള്ളി ഫൊറോന
റണ്ണറപ്പ് - പൊൻകുന്നം ഫൊറോന
സെക്കന്റ് റണ്ണറപ്പ് - റാന്നി - പത്തനംതിട്ട ഫൊറോന

ബാഡ്മിന്റൺ - Girls

ചാമ്പ്യൻസ് - കാഞ്ഞിരപ്പള്ളി ഫൊറോന
റണ്ണറപ്പ് - അണക്കര ഫൊറോന
സെക്കന്റ് റണ്ണറപ്പ് - മുണ്ടക്കയം ഫൊറോന

## നൈറ്റ് വിജിൽ

സെപ്റ്റംബർ 14, 17 തീയതികളിൽ കുട്ടിക്കാനം മരിയൻ കോളേജിലും ചെങ്കല്ല് തിരുഹൃദയ ദൈവാലയത്തിലും നൈറ്റ് വിജിൽ

നടത്തപ്പെട്ടു. പ്രവർത്തനങ്ങൾക്ക് എസ്.എം.വൈ.എം. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും ബഹു. ഫാ. മനു പൊട്ടനാനിയിൽ MSFS എന്നിവർ നേതൃത്വം നൽകി. ധാരാളം യുവജനങ്ങൾ പങ്കെടുത്ത നൈറ്റ് വിജിലിൽ രൂപതാസമിതി അംഗങ്ങളും പങ്കുചേർന്നു.

**രൂപത എക്സിക്യൂട്ടീവ് സമ്മേളനം**

ഉത്സവ് 2024 - സംബന്ധിച്ച ചർച്ചകൾക്കായി സെപ്റ്റംബർ 8-ാം തീയതി രൂപത എസ്.എം.വൈ.എം. ഓഫീസിൽ വച്ച് എക്സിക്യൂട്ടീവ് സമ്മേളനം നടത്തപ്പെട്ടു.

**നന്ദി**

എസ്.എം.വൈ.എം. ഓഫീസിലെ റീജൻസിക്കാലം പൂർത്തിയാക്കിയ ബ്രദർ റ്റോബിൻ ഏറത്തുകുന്നേലിന് കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. യുവദീപ്തി കുടുംബത്തിന്റെ നന്ദി.

**സ്വാഗതം**

എസ്.എം.വൈ.എം. ഓഫീസിൽ റീജൻസി ശുശ്രൂഷകൾക്കായി പുതുതായി നിയോഗിക്കപ്പെട്ട ബ്രദർ കുര്യൻ കാവാലം പുതുപ്പറമ്പിലിന് കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. യുവദീപ്തി കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്ക ധ്യാനം

സെപ്റ്റംബർ 5, 6, 7 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ (NRC) യിലും സെപ്റ്റംബർ 19, 20, 21 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ച് വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

## വരുന്ന ധ്യാന തീയതികൾ

| | |
|---|---|
| ഒക്ടോബർ 3, 4, 5 (വ്യാഴം - ശനി) | - നിർമ്മല റിന്യൂവൽ സെന്റർ (NRC), പൊടിമറ്റം |
| ഒക്ടോബർ 17, 18, 19 (വ്യാഴം - ശനി) | - പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC), അണക്കര |
| നവംബർ 7, 8, 9 (വ്യാഴം - ശനി) | - നിർമ്മല റിന്യൂവൽ സെന്റർ (NRC), പൊടിമറ്റം |
| നവംബർ 21, 22, 23 (വ്യാഴം - ശനി) | - പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC), അണക്കര |

രജിസ്ട്രേഷൻ ഫീസ് : Rs. 1700 (ആയിരത്തി എഴുന്നൂറു രൂപ). രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസായി 700 രൂപ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ : 9497096431, 04828 205628, 201100.

## മരിയൻ സന്ദേശം

പരി. അമ്മയുടെ പിറവിത്തിരുനാളിനോട് അനുബന്ധിച്ച്

സെപ്റ്റംബർ 4-ാം തീയതി ഇളങ്ങുളം സെന്റ് മേരീസ് ദൈവാലയത്തിലും സെപ്റ്റംബർ 8-ാം തീയതി വെച്ചൂച്ചിറ സെന്റ് ജോസഫ്സ് ഇടവകയിലും ഡയറക്ടറച്ചൻ വി. ബലി അർപ്പിച്ച് മരിയൻ സന്ദേശം നൽകി.

**സമർപ്പിതരുടെ മാതാപിതാക്കളെ ആദരിക്കൽ**

സെപ്റ്റംബർ 8-ാം തീയതി ഉമ്മിക്കുപ്പ ലൂർദ് മാതാ ഇടവകയിൽനിന്നുള്ള വൈദികരുടെയും സമർപ്പിതരുടെയും മാതാപിതാക്കളെ ആദരിക്കുന്ന സംഗമത്തിൽ ഡയറക്ടറച്ചൻ പരി. കുർബാന അർപ്പിക്കുകയും തുടർന്ന് നടന്ന അനുമോദന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. ഇടവക വികാരി റവ. ഫാ. തോമസ് പാലയ്ക്കൽ, ഇടവക പിതൃവേദി, മാതൃവേദി അംഗങ്ങൾ എന്നിവർ ഈ സമ്മേളനത്തിന് നേതൃത്വം നൽകി. സമർപ്പിതരുടെ മാതാപിതാക്കളാവുക എന്നത് ഏറെ അനുഗ്രഹപ്രദമാണെന്ന് മാതാപിതാക്കളും കുട്ടികൾക്ക് ദൈവവിളിയെക്കുറിച്ച് ചിന്തിക്കാൻ ഈ സംഗമം കാരണമായെന്ന് ഇടവകജനങ്ങളും അഭിപ്രായപ്പെട്ടു.

**ആവേ മരിയ സിംഗിൾസ് മീറ്റ്**

സെപ്റ്റംബർ 3-ാം തീയതി ഏകസ്ഥജീവിതം നയിക്കുന്നവരുടെ സംഗമം ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു.

**ഹോംമിഷൻ**

സെപ്റ്റംബർ 15-ാം തീയതി പഴയിടം സെന്റ് മൈക്കിൾസ് ഇടവകയിൽ ഡയറക്ടറച്ചൻ വി. ബലിയർപ്പിച്ച് സന്ദേശം നൽകിക്കൊണ്ട് ഇടവകജനത്തെ ഹോംമിഷനായി ഒരുക്കി.

സെപ്റ്റംബർ 15 മുതൽ 18 വരെയുള്ള തീയതികളിൽ ബഹുമാനപ്പെട്ട SH, SABS സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ പഴയിടം സെന്റ് മൈക്കിൾസ് ഇടവകയിൽ ഹോം മിഷൻ നടത്തി.

# പിതൃവേദി

**പിതൃസംഗമം**

സെപ്റ്റംബർ 1 ന് പ്ലാച്ചേരി ഫാത്തിമമാതാ ഇടവകയിൽ നടത്തിയ പിതൃസംഗമത്തിൽ രൂപതാ ഡയറക്ടറച്ചൻ വി. ബലി അർപ്പിക്കുകയും ക്ലാസ് എടുക്കുകയും ചെയ്തു.

സെപ്റ്റംബർ 8-ാം തീയതി പേഴുംപാറ തിരുഹൃദയ ഇടവകയിൽ നടന്ന പിതൃസംഗമത്തിൽ സാജൻ പാപ്പച്ചൻ മാമ്മൂട്ടിൽ ക്ലാസ് നയിച്ചു.

---

## <u>കുടുംബപ്രേഷിതത്വം</u>

സെപ്റ്റംബർ 17, 18 തീയതികളിൽ കുഴിത്തൊളു സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ബഹുമാനപ്പെട്ട സി.എം.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി.

**എൽറോയി സംഗമം**

നമ്മുടെ രൂപതയിലെ 30 വയസും അതിനു മുകളിലുമുള്ള അവിവാഹിതരായ യുവതിയുവാക്കന്മാരുടെയും, ജീവിതപങ്കാളി വേർപിരിഞ്ഞ് വിവാഹത്തിനായി ഒരുങ്ങുന്നവരുടെയും സംഗമം രൂപതാതലത്തിൽ ഒക്ടോബർ 22 ന് ഉപ്പുതറ പരപ്പ് ധ്യാനകേന്ദ്ര ത്തിൽ വച്ച് നടത്തുന്നു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

സെപ്റ്റംബർ 15-ാം തീയതി ആലംപള്ളി സെന്റ് ഡോമിനിക്സ് ഇടവകയിൽ നടന്ന പിതൃസംഗമത്തിൽ ജോസ് കാഞ്ചിയാർ ക്ലാസ് നയിച്ചു.

സെപ്റ്റംബർ 22-ാം തീയതി വണ്ടൻപതാൽ സെന്റ് പോൾസ് ഇടവകയിൽ പിതൃസംഗമം നടത്തുകയും ഡയറക്ടറച്ചൻ വി. ബലിയർപ്പിക്കുകയും എക്സിക്യൂട്ടീവ് അംഗങ്ങളെ കണ്ട് സംസാരിക്കുകയും ചെയ്തു. ഇടവകവികാരി റവ. ഫാ. പോൾ നെല്ലിപ്പള്ളി സംഗമത്തിന് നേതൃത്വം നൽകി.

**ലീഡേഴ്സ് മീറ്റ് - പൊൻകുന്നം ഫൊറോന**

പൊൻകുന്നം ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പൊൻകുന്നം ഫൊറോന ദൈവാലയത്തിന്റെ പാരീഷ് ഹാളിൽ ഒത്തുചേരുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. താഴെ പറയുന്നവർ തിരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | : സെബാസ്റ്റ്യൻ വി.എം. 9447653943 |
| വൈസ് പ്രസിഡന്റ് | : ജോബി ജോസഫ്, ഗോൾഡ് ഹിൽ 9446714994 |
| സെക്രട്ടറി | : സെബാസ്റ്റ്യൻ താന്നിക്കൽ, 9446204968 |
| ജോയിന്റ് സെക്രട്ടറി | : ഷാജൻ തോമസ്, കുറ്റിക്കാട്ട് 9446350623 |
| ട്രഷറർ | : മാർട്ടിൻ കുന്നേൽ, 9249352618 |

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**മരിയൻ തീർത്ഥാടനവും മേരി നാമധാരികളുടെ സംഗമവും**

സെപ്റ്റംബർ 3- ന് കാഞ്ഞിരപ്പള്ളി രൂപത സ്ഥാപിതമായതിന്റെ 47-ാം വർഷത്തെ പ്രതിനിധീകരിച്ച് 47 പ്രത്യക്ഷീകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭക്തിനിർഭരമായി മരിയൻ സംഗമം നടത്തപ്പെട്ടു. രൂപതയിലെ എല്ലാ ഫൊറോനകളിൽനിന്നുമായി രണ്ടായിരത്തോളം അമ്മമാർ പങ്കെടുത്തു. 10 മണിക്ക് ദിവ്യകാരുണ്യാരാധനയ്ക്ക് അനിറ്റാ മാർട്ടിൻ കുന്നേൽ നേതൃത്വം നൽകി. 10.45 ന് മരിയൻ റാലി പ്രദക്ഷിണം മുൻ രൂപതാ മാതൃവേദി ഡയറക്ടർ റവ. ഫാ. ഫിലിപ്പ് വട്ടയത്തിൽ മാതൃവേദിരൂപതാ പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി പൊടിമറ്റത്തിലിന് മാതൃവേദി പതാക നൽകിക്കൊണ്ട് ആരംഭിച്ചു. പുത്തനങ്ങാടി ചുറ്റി 11.30 ന് പ്രദക്ഷിണം അക്കര പ്പള്ളിയിൽ എത്തി. തുടർന്ന് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് മരിയൻ സന്ദേശം നൽകുകയും മേരിനാമധാരികളെ ആദരിക്കുകയും, പരി. അമ്മയുടെ 47 പ്രത്യക്ഷീകരണങ്ങൾ അവതരിപ്പിച്ചവർക്ക് പാരിതോഷികങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് 12 മണിക്ക് രൂപതാ ഡയറക്ടർ പരി. കുർബാന അർപ്പിച്ചു. അതിനുശേഷം എല്ലാവരും സ്നേഹവിരുന്നിൽ പങ്കുകൊണ്ടു.

**പ്രാർത്ഥനാദിനം**

സെപ്റ്റംബർ 10-ാം തീയതി മാതൃവേദി അംഗങ്ങൾ പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് പ്രാർത്ഥനാദിനമായി ആചരിച്ചു.

**പ്രചോദിനി**

മാതൃവേദി സംഘടനയുടെ നേതൃത്വത്തിൽ അമ്മമാരിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനു

മായി സെപ്റ്റംബർ 11 ന് പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് ലോറേഞ്ച് മേഖലയിലെ പ്രചോദിനിയും സെപ്റ്റംബർ 18 ന് കട്ടപ്പന സെന്റ് ജോർജ് പാരീഷ് ഹാളിൽ വച്ച് ഹൈറേഞ്ച് മേഖലയിലെ പ്രചോദിനിയും നടത്തപ്പെട്ടു. ഓണാഘോഷവും ഓണക്കളികളും ഇരുമേഖലകളിലും നടത്തപ്പെട്ടു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

സെപ്റ്റംബർ 1, 17 തീയതികളിലായി മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും ഈ മാസം നടത്തപ്പെടേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**തണൽ**

രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവരുടെ സംഗമം “തണൽ 2K24" എന്ന പേരിൽ സെപ്റ്റംബർ 17-ാം തീയതി പൊടിമറ്റം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ചു നടത്തപ്പെട്ടു. 9.30 am ന് രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ജോസഫ് വെള്ളമറ്റത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് വിവാഹത്തിന്റെ പ്രതിജ്ഞ ദമ്പതികൾ ഒരുമിച്ചു ചേർന്ന് പുതുക്കി.

11 മണിക്ക് സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് പൊതുസമ്മേളനം നടത്തപ്പെട്ടു. പൊൻകുന്നം മാതൃവേദി അംഗങ്ങൾ പ്രാർത്ഥനാഗാനം ആലപിച്ചു. രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു ഓലിക്കൽ ഏവരേയും സ്വാഗതം ചെയ്തു. രൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി മേരിക്കുട്ടി മാത്യു പൊടിമറ്റത്തിൽ അദ്ധ്യക്ഷയായിരുന്നു. തുടർന്ന് മാർ ജോസ് പുളിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. അത്യുന്നതന്റെ തണലിൽ കഴിയുന്നവരും അനേകർക്ക് തണലേകുന്നവരുമാണ് യഥാർത്ഥ ദമ്പതികൾ. ഇസ്രായേൽ ജനം മരുഭൂമിയിൽ മേഘത്തിന്റെയും അഗ്നിയുടെയും തണലിൽ ജീവിച്ചതുപോലെ കഴിഞ്ഞ 50 വർഷം സന്തോഷത്തിലും ദുഃഖത്തിലും ദൈവം തന്ന ജീവിതത്തിലൂടെ അതിജീവനത്തിന്റെ ചരിത്രം രചിച്ചവരാണെന്നും, ഈ അതിജീവനത്തിന്റെ ചരിത്രം തലമുറകൾക്ക് പകർന്നു

നൽകണമെന്നും മാർ ജോസ് പുളിക്കൽ പിതാവ് അനുസ്മരിപ്പിച്ചു.

സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളുടെ പ്രതിനിധികളായി ഇളങ്ങുളം ഇടവകയിൽ നിന്നുള്ള പുതുപ്പള്ളിയിൽ അബ്രാഹം-സുശീല ദമ്പതികൾ അനുഭവം പങ്കുവച്ചു. സുവർണ്ണജൂബിലി ആഘോഷിക്കുന്ന മക്കളുടെ പ്രതിനിധിയായി റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത് ആശംസകൾ നേർന്നു. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റിന്റെ പുതിയ വെബ്സൈറ്റ് പ്രകാശനകർമ്മം മാർ ജോസ് പുളിക്കൽ പിതാവ് നിർവഹിച്ചു. അതേതുടർന്ന് അമൽജ്യോതി റേഡിയോ 90 അവതരിപ്പിച്ച തണൽവിസ്മയം കാണികൾക്ക് കൗതുകമേകി. ഏവർക്കും സ്നേഹോപഹാരം നൽകി സ്നേഹവിരുന്നോടുകൂടി മീറ്റിംഗ് അവസാനിച്ചു.

13 ഫൊറോനകളിൽ നിന്നുമായി 250 പേർ സമ്മേളനത്തിൽ സംബന്ധിച്ചു. രൂപതാ ആനിമേറ്റർ സി. ജ്യോതി മരിയ CSN, റീജന്റ് ബ്രദർ എബ്രാഹം ചക്കാലയ്ക്കൽ, മാതൃവേദി രൂപതാ എക്സിക്യൂട്ടീവ്സ്, വിവിധ ഇടവകകളിൽ നിന്നുള്ള മാതൃവേദി അംഗങ്ങൾ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

**മരിയൻ മംഗളവാർത്താധ്യാനം**

സെപ്റ്റംബർ 27, 28, 29, 30 തീയതികളിലായി ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ zoom ഫ്ളാറ്റ്ഫോമിൽ കുഞ്ഞുങ്ങളെ ഉദരത്തിൽ സ്വീകരിച്ചിരിക്കുന്നവരും സ്വീകരിക്കാനൊരുങ്ങുന്നവരുമായ ദമ്പതികൾക്കായി മരിയൻ മംഗളവാർത്തധ്യാനം നടത്തപ്പെട്ടു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 100 പേർ സംബന്ധിച്ചു. വൈദികർ, വചനപ്രഘോഷകർ, ഡോക്ടേഴ്സ് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.

**പ്രചോദിനി - വരുന്ന മാസത്തെ തീയതികൾ**

ലോറേഞ്ച് മേഖലയിലെ പ്രചോദിനി ഒക്ടോബർ 9 ബുധനാഴ്ച പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ചും ഹൈറേഞ്ച് മേഖലയിലെ പ്രചോദിനി ഒക്ടോബർ 16 ബുധനാഴ്ച കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ചും നടത്തപ്പെടുന്നു.

**മാതൃവേദി ഇലക്ഷൻ**

ഒക്ടോബർ 12 ന് മുമ്പായി ഫൊറോനയിലെ ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**മാതൃവേദി രൂപതാ കലോത്സവം**

അമ്മമാരുടെ കലാപരമായ കഴിവുകളെ പുറത്തെടുക്കുവാനും തമ്മിലുള്ള ബന്ധങ്ങൾ വളർത്താനുമുള്ള അവസരമാണ് രൂപതാ കലോത്സവം. 2024 ഒക്ടോബർ 12 ന് കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് രൂപതാകലോത്സവം നടത്തപ്പെടുന്നു.

**മാതൃവേദി ക്വിസ്**

ഈ വർഷത്തെ മാതൃവേദി ക്വിസ് നവംബർ 2-ാം തീയതി പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തുന്നു. ഓരോ ഫൊറോനയിൽനിന്നും ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ടീമുകൾക്ക് രൂപതാമത്സരത്തിൽ പങ്കെടുക്കാം. ഒരു ടീമിൽ മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കണം.

**പ്രബന്ധരചന**

2024 ഒക്ടോബർ 30 ന് മുമ്പ് പ്രബന്ധം നേരിട്ടോ തപാലിലോ ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ എത്തിക്കണം. വിഷയം 'കുടുംബവിശുദ്ധീകരണം വചനത്തിലൂടെയും കൂദാശകളിലൂടെയും' എന്നതാണ്.

**നന്ദി**

കഴിഞ്ഞ ആറ് മാസക്കാലം ഫാമിലി അപ്പോസ്റ്റലേറ്റ് ഡിപ്പാർട്ട്മെന്റിൽ സ്തുത്യർഹമായ ശുശ്രൂഷ ചെയ്ത റീജന്റ് ബ്രദർ എബ്രാഹം ചക്കാലയ്ക്കലിന് ഹൃദയം നിറഞ്ഞ നന്ദിയും പുതിയ ശുശ്രൂഷാരംഗത്ത് എല്ലാവിധ വിജയാശംസകളും.

**സ്വാഗതം**

ഫാമിലി അപ്പോസ്റ്റലേറ്റ് ഡിപ്പാർട്ട്മെന്റിലേയ്ക്ക് പുതിയ റീജന്റായി കടന്നുവരുന്ന ബ്രദർ റ്റോംസ് ചീരംകുന്നേലിന് ഹൃദ്യമായ സ്വാഗതം.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**സെപ്റ്റംബർ 2024**

1-8 പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനൊരുക്കമായി സെമിനാരി കുടുംബം എട്ടു നോമ്പെടുത്ത് ഒരുങ്ങി.

7 മുണ്ടക്കയം CSI ഓഡിറ്റോറിയത്തിൽ നടത്തിയ കാഞ്ഞിരപ്പള്ളി അമലയുടെ ബൈബിൾ നാടകം 'തച്ചൻ' വൈദികവിദ്യാർത്ഥികൾ ആസ്വദിച്ചു.

8 പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളിൽ പഴയപള്ളിയിൽ സഭയുടെ തലവനും പിതാവുമായ മേജർ ആർച്ച് ബിഷപ്പ് റാഫേൽ തട്ടിൽപിതാവ് അർപ്പിച്ച പരിശുദ്ധ കുർബാനയിൽ വൈദികവിദ്യാർത്ഥികൾ പങ്കുകൊണ്ടു.

13-14 സെപ്റ്റംബർ മാസത്തെ മാസധ്യാനം ബഹു. ജേക്കബ് പാണ്ടിയാംപറമ്പിൽ നയിച്ചു.

14 മാർ സ്ലീവായുടെ പുകഴ്ചയുടെ തിരുനാളിൽ ബഹു. ജേക്കബ് പാണ്ടിയാംപറമ്പിലച്ചൻ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

15 'ആർപ്പോ 2024' എന്ന പേരിൽ സെമിനാരിയിൽ ഓണാഘോഷ പരിപാടികൾ നടത്തി.

21 മത്തായിശ്ലീഹായുടെ നാമധാരിയായ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും സെമിനാരി കുടുംബത്തോടും മത്തായി ശ്ലീഹായുടെ നാമധാരിയായ മാത്യു വാഴപ്പനാടിയച്ചനോടും ചേർന്ന് നാമഹേതുകത്തിരുനാൾ ആഘോഷിക്കുകയും ചെയ്തു.



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- ഹോളി റൂഹാ ആശ്രമത്തിലെ 6 സിസ്റ്റേഴ്സ് സെപ്റ്റംബർ 7 മുതൽ 11 വരെ തീയതികളിൽ ധ്യാനത്തിൽ സംബന്ധിച്ചു.
- എല്ലാ മാസവും രണ്ടാം ശനിയാഴ്ച അഭിവന്ദ്യ ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഏകദിന ധ്യാനത്തിൽ 28 പേർ പങ്കെടുത്തു.
- മലങ്കര യാക്കോബായ സുറിയാനി സഭയിലെ 11 വൈദിക വിദ്യാർത്ഥികൾ അവരുടെ സെമിനാരി പരിശീലനത്തിന്റെ ഭാഗമായി ആശ്രമത്തിൽ സെപ്റ്റംബർ 26-28 തീയതികളിൽ പ്രാർത്ഥനയിൽ ചിലവഴിച്ചു.
- നസ്രാണി മാർഗം കൂട്ടായ്മയുടെ ഈ മാസത്തെ യോഗം സെപ്റ്റംബർ 28,29 തീയതികളിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പ്രാർത്ഥന, പഠനം, ചർച്ചകളിൽ 18 ആളുകൾ പങ്കെടുത്തു.

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-299207

---

## മേരിമാതാ മൈനർ സെമിനാരി

22-27 കാഞ്ഞിരപ്പള്ളി രൂപതയിലെ വൈദികരുടെ ആദ്യബാച്ചിന്റെ വാർഷികധ്യാനം സെമിനാരിയിൽ വച്ച് നടത്തപ്പെട്ടു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**ആരാധനക്രമാധിഷ്ഠിത ധ്യാനം**

- നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ വച്ച് 2024 ഒക്ടോബർ 20-ാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണിവരെ ഏലിയാ സ്ലീവാ മൂശെ കാല ആരാധനക്രമാധിഷ്ഠിതധ്യാനം നടത്തപ്പെടുന്നു. സഭയെക്കുറിച്ചും സഭയുടെ ആരാധനക്രമത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചുമുള്ള അടിസ്ഥാന ബോദ്ധ്യങ്ങൾ രൂപപ്പെടുത്താനും സഭാത്മകമായ ആത്മീയജീവിതം പരിശീലിക്കാനും അവസരം ലഭിക്കുന്ന ഈ ധ്യാനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യുക

പേര് രജിസ്റ്റർ ചെയ്യുന്നതിന് ബന്ധപ്പെടുക:

ഫാ. ജയിംസ് ചവറപ്പുഴ, Ph: 9447 3124 44

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ, Ph: 9447 3679 25

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

പുനസംഘടിപ്പിക്കപ്പെട്ട പുതിയ സേവനസമിതിയുടെ ആദ്യയോഗം സെപ്റ്റംബർ മൂന്നാം തീയതി ഉച്ചയ്ക്ക് 2 മണിക്ക് സോണൽ ഓഫീസിൽ നടന്നു. യോഗത്തിന് മുമ്പ് സോണൽ സമിതി അംഗങ്ങൾ ഡയറക്ടർ കുര്യാക്കോസ് വടക്കേടത്ത് അച്ചനോടൊപ്പം അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിനെ സന്ദർശിച്ച് അനുഗ്രഹം വാങ്ങി. കോഡിനേറ്റർ, സെക്രട്ടറി, ട്രഷറർ എന്നിവർ തൽസ്ഥാനങ്ങൾ ഏറ്റെടുത്ത് പ്രവർത്തനം ആരംഭിച്ചു. സോണൽതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് തീരുമാനിച്ചു. സോണിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന അൽഫോൻസാ തീർത്ഥാടനം ഈ വർഷവും ഒക്ടോബർ 2-ാം തീയതി കാഞ്ഞിരപ്പള്ളി അക്കരപള്ളിയിൽ നിന്നും അൽഫോൻസാമ്മയുടെ കബറിടത്തിങ്കലേക്ക് നടത്തുന്നതിന് തീരുമാനിച്ചു. 2-ാം തീയതി ബുധനാഴ്ച രാവിലെ എട്ടരമണിക്ക് അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് ഫ്ളാഗ് ഓഫ് ചെയ്ത് അയയ്ക്കുന്ന പദയാത്ര വൈകുന്നേരം മൂന്നര മണിക്ക് ഭരണങ്ങാനത്ത് എത്തിച്ചേരുന്നതും തുടർന്ന് ഡയറക്ടർ കുര്യാക്കോസ് വടക്കേടത്തച്ചൻ ദിവ്യബലി അർപ്പിക്കുന്നതുമാണ്.

**ജൂബിലേവൂസ് - 2026 : സഹസ്രദിന ചെയിൻ പ്രാർത്ഥന**

2024 സെപ്റ്റംബർ 8-ാം തീയതി പഴയകൊരട്ടി നിത്യാരാധന ചാപ്പലിൽ ഈ മാസത്തെ സഹസ്രദിന പ്രാർത്ഥന നടന്നു.

**LSS (Life in the spirit seminar) ഓൺലൈൻ പരിശീലനം**

സെപ്റ്റംബർ 9, 23 തീയതികളിൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ ഓൺലൈനിൽ നടത്തപ്പെട്ടു. ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത്, കോഡിനേറ്റർ കെ.സി. എബ്രഹാം കുമ്പുക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു. മുൻ കോഡിനേറ്റർ ടോണി മടുക്കക്കുഴി, LSS കോഡിനേറ്റർ സാജു എബ്രഹാം ഇല്ലിക്കൽ എന്നിവർ നേതൃത്വം നൽകി.

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്**

സെപ്റ്റംബർ 21-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ രൂപതാ തലത്തിൽ കരിസ്മാറ്റിക് നേതൃത്വം നൽകിവരുന്ന ബൈബിൾ ഡിപ്ലോമാ കോഴ്സ് നടത്തപ്പെട്ടു. ഡയറക്ടർ ഡോ. ആന്റണി ചെല്ലന്തറ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം കൊടുത്തു. അടുത്ത ക്ലാസ് 2024 ഒക്ടോബർ 19-ാം തീയതി ഉണ്ടായിരിക്കുന്നതാണ്.

**മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി**

മാസത്തിലെ എല്ലാ ചൊവ്വാഴ്ചകളിലും കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സെന്റ് ജോസഫ്സ് പള്ളിയിൽ രാവിലെ 10 മണി മുതൽ 1 മണി വരെയുള്ള സോണൽതല മധ്യസ്ഥപ്രാർത്ഥന നടത്തപ്പെട്ടു. കൂടാതെ എല്ലാ ദിവസവും വാട്സ് ആപ്പ് ഗ്രൂപ്പുവഴി KCSC നൽകുന്ന പ്രത്യേക നിയോഗ പ്രാർത്ഥനകൾ നൽകുന്നു.

**ആവേ മരിയാ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയകൊരട്ടി ആവേ മരിയാ പ്രാർത്ഥനാലയത്തിൽ സെപ്റ്റംബർ 6-ാം തീയതി ആദ്യവെള്ളിയാഴ്ച നടന്ന ഏകദിനധ്യാനത്തിൽ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചനസന്ദേശം നല്കി. സെപ്റ്റംബർ മാസത്തെ തുടർന്നുള്ള വെള്ളിയാഴ്ച ശുശ്രൂഷകൾക്ക് കാഞ്ഞിരപ്പള്ളി സബ്സോൺ നേതൃത്വം നൽകി.

**101 മണിക്കൂർ അഖണ്ഡജപമാല**

മുണ്ടക്കയം സബ്സോണിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 3-ാം തീയതി മുതൽ 7-ാം തീയതി വരെ മുണ്ടക്കയം സെന്റ് മേരീസ് ലത്തീൻ പള്ളിയിൽ 101 മണിക്കൂർ അഖണ്ഡജപമാല നടത്തി. ഫാ. കുര്യാക്കോസ് വടക്കേടത്ത്, ഫാ. ജിതിൻ കോട്ടമേട്, ഫാ. റോജോ പുതുപറമ്പിൽ OFM Cap, മാർട്ടിൻ സ്രാകത്ത്, ടി.ജെ. ബേബി തേക്കുംകാട്ടിൽ എന്നിവർ വിവിധ ദിവസങ്ങളിൽ വചനസന്ദേശം നൽകി.

**ഹൈറേഞ്ച് വാർത്തകൾ**

**സോണൽ സേവന സമിതി യോഗം**

കട്ടപ്പന സോൺ സേവന സമിതിയുടെ വിശാലയോഗം 2024 സെപ്റ്റംബർ 23-ാം തീയതി മൂന്നുമണി മുതൽ 24-ാം തീയതി മൂന്നുമണി വരെ തുവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ ആനിമേറ്റർ ഫാ. ജോസഫ് കോയിക്കലിന്റെ നേതൃത്വത്തിൽ നടന്നു. വരുന്ന രണ്ടു വർഷത്തേക്കുള്ള പ്രവർത്തന പദ്ധതി രൂപരേഖ തയാറാക്കി.

**ജീവജ്വാല കൗൺസിൽ**

നവീകരണത്തിന്റെ മുഖപത്രമായ ജീവജ്വാലയുടെ കട്ടപ്പന സോണിലെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള കൗൺസിലിന്റെ പുനസംഘടന സെപ്റ്റംബർ 9 ന് നടന്നു. ശ്രീ. ജോജോ കറുകപ്പള്ളി ഗ്രീൻവാലിയെ കോഡിനേറ്ററായി നിയോഗിച്ചു.

**പുതിയ മിനിസ്ടി കോഡിനേറ്റർമാർ**

സോണിലെ LSS ട്രെയിനിംഗ് കോഡിനേറ്ററായി സോണിന്റെ മുൻ സെക്രട്ടറി ശ്രീ. സൽജു മുറിയായിക്കൽ ഇരട്ടയാർ തിരഞ്ഞെടുക്കപ്പെട്ടു.

ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ കോർഡിനേറ്ററായി ഷാജി ജിജി നിരപ്പേൽ, തങ്കമണി ദമ്പതികൾ തിരഞ്ഞെടുക്കപ്പെട്ടു.

**ജീവജ്വാല കൗൺസിൽ**

നവീകരണത്തിന്റെ മുഖപത്രമായ ജീവജ്വാലയുടെ കട്ടപ്പന സോണിലെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനുള്ള കൗൺസിലിന്റെ പുനസംഘടന സെപ്റ്റംബർ 9 ന് നടന്നു. ശ്രീ ജോജോ കറുകപ്പള്ളി ഗ്രീൻവാലിയെ കോഡിനേറ്ററായി നിയോഗിച്ചു.

**ഫിനാൻസ് കൗൺസിൽ**

സബ്സോൺ ട്രഷറർമാരുടേയും ഫിനാൻസ് കൗൺസിൽ അംഗങ്ങളുടേയും യോഗം സെപ്റ്റംബർ 9 ന് നടന്നു. മുൻ സോണൽ ട്രഷറർ ശ്രീ. സക്കറിയാസ് ഇടിയാകുന്നേൽ കട്ടപ്പന കോഡിനേറ്ററായി നിയമിതനായി.

**YU4C**

സെപ്റ്റംബർ 22 ന് എമ്മാവൂസിൽ നടന്ന YU4C യുടെ MAC മീറ്റിംഗിൽ സോണിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു.

ഒക്ടോബർ 31 മുതൽ നവംബർ 3 വരെ പോണ്ടിച്ചേരിയിൽ നടക്കുന്ന ARISE 24 അഖിലേന്ത്യ യുവജന സംഗമത്തിൽ സോണിൽ നിന്നും 4 പ്രതിനിധികൾ പങ്കെടുക്കും.

**ജൂബിലേവൂസ് - 2026**

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9-ാം തീയതി നടക്കും.

ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷ കട്ടപ്പന സബ് സോണിലെ തുവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നു സോണൽ സർവ്വീസ് ടീം നേതൃത്വം നൽകി.

**ശിഷ്യത്വ പരിശീലനം**

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ

പരിശീലനത്തിന്റെ പതിനാലാമത്തെ ക്ലാസ് സെപ്റ്റംബർ 27 വെള്ളിയാഴ്ച്ച വൈകിട്ട് 5:30 - മുതൽ 9:00 വരെ കട്ടപ്പന സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചായൻ) ക്ലാസ് നയിച്ചു.

അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

**ലോർഡ്സ് കപ്പിൾസ്**

ലോർഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സെൻട്രൽ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ബേബിച്ചൻ - ഗ്രേസി മൈലാടൂർ കൽത്തൊട്ടി ദമ്പതികൾക്ക് സോണിന്റെ പ്രാർത്ഥനയും അനുമോദനവും.

**ജപമാല പ്രയാണങ്ങൾ**

ജപമാല മാസമായ ഒക്ടോബർ മാസത്തിൽ ഏഴു സബ്സോണുകളിലും സബ്സോൺ സർവീസ് ടീമുകളുടെ നേതൃത്വത്തിൽ ജപമാല പ്രയാണങ്ങൾ നടക്കും.

അണക്കര സബ്സോണിൽ ഒക്ടോബർ 12 നും ഉപ്പുതറ സബ്സോണിൽ ഒക്ടോബർ 19 നും ജപമാല പ്രയാണങ്ങൾ നടക്കും.

കട്ടപ്പന സബ്സോണിൽ ഒക്ടോബർ 19 ന് വെള്ളയാംകുടി പള്ളിയിൽ നിന്നും കാഞ്ചിയാർ പള്ളിയിലേക്ക് കാൽ നടയായി ജപമാല പ്രദക്ഷിണം നടക്കും.

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു.

കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽവാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും നെടുങ്കണ്ടം സബ്സോൺ സെമിനാർ എല്ലാ മൂന്നാം ശനിയാഴ്ചയും രാവിലെ 9:30 മുതൽ 2 വരെ കരുണാ ധ്യാനകേന്ദ്രത്തിലും നടക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴ്ച 4 മുതൽ 6:30 വരെ ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും ഇരട്ടയാർ സബ്സോണിൽ എല്ലാ നാലാം ചൊവ്വാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

സെപ്റ്റംബർ മാസം 7-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

സെപ്റ്റംബർ മാസം 8-ാം തീയതി ഞായറാഴ്ച മുതൽ 13-ാം തീയതി വെള്ളിയാഴ്ച വരെയും 15-ാം തീയതി ഞായറാഴ്ച മുതൽ 20-ാം തീയതി വെള്ളിയാഴ്ച വരെയും 28-ാം തീയതി ശനിയാഴ്ച മുതൽ ഒക്ടോബർ 3-ാം തീയതി വ്യാഴാഴ്ച വരെയും മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

സെപ്റ്റംബർ മാസം 14, 21, 28 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി

ഫോണിലൂടെ സംസാരിക്കുന്നതിനു സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/ GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ, FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ**

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ഒക്ടോബർ മാസം 5-ാം തീയതി രാവിലെ 9 മണി മുതൽ കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ഒക്ടോബർ മാസം 6-ാം തീയതി ഞായറാഴ്ച മുതൽ 11-ാം തീയതി വെള്ളിയാഴ്ച വരെയും (Booking Date: 18th Septembet)

ഒക്ടോബർ മാസം 27-ാം തീയതി ഞായറാഴ്ച മുതൽ നവംബർ മാസം 1-ാം തീയതി വെള്ളിയാഴ്ച വരെയും (Booking Date: 8th October) താമസിച്ചുള്ള ധ്യാനങ്ങൾ നടത്തപ്പെടുന്നു.

ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.


**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

ഒക്ടോബർ മാസം 16-ാം തീയതി ബുധനാഴ്ച മുതൽ 20-ാം തീയതി ഞായറാഴ്ച വരെ തീയതികളിൽ കൃപാഭിഷേകം ബൈബിൾ കൺവെൻഷൻ, വെണ്ടൂർ (ആമ്പല്ലൂർ, തൃശ്ശൂർ) സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെടുന്നു.

22 -ാം തീയതി ചൊവ്വാഴ്ച മുതൽ 26-ാം തീയതി ശനിയാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേകം ധ്യാനങ്ങളും കൺവെൻഷനുകളും നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- ഓഗസ്റ്റ് 29, 30, 31 സെപ്റ്റംബർ 3, 4, 5, 6 തീയതികളിൽ പുളിയന്മല യു.പി. സ്കൂളിലും, ലിറ്റിൽ ഫ്ളവർ എൽ.പി. സ്കൂളിലും പുറ്റടി സെന്റ് മേരിസ് യു.പി. സ്കൂളിലും പത്തനംതിട്ട മേരി മാതാ പബ്ലിക് സ്കൂളിലും, കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിലും, കുട്ടികൾക്കായി രണ്ടു ദിവസത്തെ ധ്യാനം നടത്തി.
- 'ടീച്ചേഴ്സ് ഡേ'യോടനുബന്ധിച്ച് പത്തനംതിട്ട മേരി മാതാ പബ്ലിക് സ്കൂളിൽ ഗ്രാൻഡ് പേരന്റ്സ്ഡേ ആചരിച്ചു.
- 9-ാം തീയതി കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠത്തിലെ ബഹു. അൽഫോൻസാമ്മ 101-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 10-ാം തീയതി രാവിലെ കൂരിയ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ വിശുദ്ധ ബലി അർപ്പിച്ച് അമ്മയ്ക്ക് വേണ്ടി പ്രാർത്ഥിച്ചു. പത്താം തീയതി അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ കത്തീഡ്രൽ സെമിത്തേരിയിൽ മൃതസംസ്കാരം നടത്തി.
- സെപ്റ്റംബർ 15,18 തീയതികളിൽ 2004 മുതൽ 2016 വരെയുള്ള ബാച്ച് സിസ്റ്റേഴ്സിന്റെ സംഗമം പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ബഹു. ഫാ. ജയ്സൺ എം.സി.ബി.എസ് ക്ലാസുകൾ നയിച്ചു.

- 16-ാം തീയതി ഹൈറേഞ്ചിലെ സ്വയം സഹായസുസ്ഥിതി അംഗങ്ങൾക്കായി സ്പെരാൻസ എന്ന മീറ്റിംഗ് നടത്തി. ബിനീഷ് ജോസഫ് കളപ്പുരയ്ക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.
- 17,18 തീയതികളിൽ കുഴിത്തൊളു സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ ഹോം മിഷൻ നടത്തി.
- 18-ാം തീയതി ലോറേഞ്ചിലെ സുസ്ഥിതി അംഗങ്ങൾക്കായി സ്പെരാൻസ എന്ന മീറ്റിംഗ് നടത്തി. സെന്റ് ഡോമിനിക്സ് കോളേജ് ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ ഹാരിസ് സാർ ക്ലാസ്സിന് നേതൃത്വം നൽകി.
- 19-ാം തീയതി പീരുമേട്ടിൽ വച്ച് സുസ്ഥിതി ഗ്രൂപ്പിലെ എട്ടു മുതൽ 12 വരെ ക്ലാസ്സിലെ കുട്ടികൾക്കായി ഏകദിന ശില്പശാല നടത്തി. സിസ്റ്റർ റ്റെസിൻ മരിയ, സിസ്റ്റർ മരിയ റെയ്ച്ചൽ ജൂവൽ എന്നിവർ നേതൃത്വം നൽകി.
- ജയിൽ മിനിസ്ട്രിയുടെ ഭാഗമായി തിരുവോണത്തോടനുബന്ധിച്ച് പീരുമേട് ജയിൽ സന്ദർശിച്ച് ജൂനിയർ സിസ്റ്റേഴ്സ് പ്രോഗ്രാം അവതരിപ്പിച്ച് ഓണാശംസകൾ നേർന്നു.
- 7 സിസ്റ്റേഴ്സ് താബോർഏഴുമുട്ടം ധ്യാന സെന്ററിലും 2 സിസ്റ്റേഴ്സ് അണക്കര മരിയൻ ധ്യാന സെന്ററിലും വാർഷിക ധ്യാനം നടത്തി.
- വി. മത്തായിശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവ് കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് കർമ്മലീത്താമഠത്തിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് ഭവനാംഗങ്ങൾ അഭിവന്ദ്യ പിതാവിന് തിരുനാൾ മംഗളങ്ങൾ ആശംസിക്കുകയും സന്തോഷത്തിൽ പങ്കുചേരുകയും ചെയ്തു.
- 25 മുതൽ 28 വരെ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠത്തിൽ വച്ച് ഫാദർ തോമസ് കോഴിമലയുടെ നേതൃത്വത്തിൽ ധ്യാനം നടത്തി.

- സി.എം.സി അമലാ പ്രോവിൻസ് മാനേജ്മെന്റിന്റെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും നോൺ ടീച്ചിംഗ് സ്റ്റാഫിനെ പുറ്റടി, കാഞ്ഞിരപ്പള്ളി, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ഒരുമിച്ചു കൂട്ടുകയും യഥാക്രമം ബിനീഷ് കളപ്പുര, ഫാ. ഡോ. ബൈജു പി. രാജ് എന്നിവർ ക്ലാസുകൾ നൽകുകയും, ഓണപ്പുടവകൾ വിതരണം ചെയ്യുകയും ചെയ്തു.
- സെപ്റ്റംബർ 11-ാം തീയതി മുതൽ മൂന്നു മാസത്തെ കൗൺസിലിംഗ് കോഴ്സിൽ 68 ടീച്ചേഴ്സ് പങ്കെടുക്കുന്നു. ഫാ. റോബി സി.എം.ഐ. ക്ലാസുകൾ നയിക്കുന്നു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- എൻ.ജി.ഒ കോൺഫെഡറേഷന്റെ സഹായത്തോടെ അസ്സീസി തുടർപരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ 50% സബ്സിഡി യോടുകൂടി 85 ഓണക്കിറ്റുകൾ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വിതരണം ചെയ്തു.
- റവ.സി. വേറോനിക്ക പുളിക്കലിന്റെ 40-ാം ചരമദിനം പ്രൊവിൻഷ്യൽ ഹൗസിൽ ആചരിച്ചു.
- കനകപ്പലം മാർത്തോമാ ഭദ്രാസന ദൈവാലയത്തിൽ മാതാ ക്കളുടെ ഫൊറോന സംഗമത്തിൽ സി. റ്റെസി മരിയ ക്ലാസെ ടുത്തു.
- കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ ആനിമേഷന്റെയും കാഞ്ഞിര പ്പള്ളി സി.ആർ.ഐ യൂണിറ്റിന്റെയും നേതൃത്വത്തിൽ നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് പെരിയ ബഹുമാനപ്പെട്ട കുര്യൻ താമരശ്ശേരി അച്ചൻ നയിച്ച ക്ലാസിൽ 15 സിസ്റ്റേഴ്സ് പങ്കെടുത്തു.
- ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ഫ്രാൻസിസ്ക്കൻ സമ്മേളനത്തിൽ 20 സിസ്റ്റേഴ്സ് പങ്കെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- മൂവാറ്റുപുഴ NEST ൽ സംഘടിപ്പിക്കപ്പെട്ട സിസ്റ്റർ ഡോക്ടേഴ്സിന്റെ മീറ്റിംഗിൽ ഡോ. സി. റോസ് മാവേലിക്കുന്നേൽ, ഡോ. സി. എലിസബത്ത് പൂവത്തുകുന്നേൽ, ഡോ. സി. റാണിജ ഓലിക്കൽ, ഡോ. സി. ലിസ് മരിയ വേങ്ങത്താനം, ഡോ. സി. റോസ് പോൾ മാതേംപാറ എന്നിവർ പങ്കെടുത്തു.
- നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹു. ജോയി ചിറ്റൂർ അച്ചന് ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുകയും മൃതസംസ്ക്കാര ശുശ്രൂഷയിൽ ധാരാളം സിസ്റ്റേഴ്സ് സംബന്ധിക്കുകയും ചെയ്തു.
- ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത ആയി നിയുക്തനായിരിക്കുന്ന അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിനെ പ്രൊവിൻഷ്യൽ ടീം സന്ദർശിച്ച് പ്രാർത്ഥനാശംസ കളർപ്പിച്ചു.
- പൊടിമറ്റം നിർമ്മല തിയോളജി കോളേജിൽ ബാച്ച് അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട ഏകദിന സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ജൂണിയർ സിസ്റ്റേഴ്സിനും ജൂണിയർ സീനിയേഴ്സിനും യഥാക്രമം പ്രൊവിൻഷ്യൽ ഹൗസിലും പുള്ളിക്കാനം മഠത്തിലും വച്ച് കോഴ്സ് നടത്തി.
- ഛാന്ദാ റീജിയനിലെ നോവിസ് മുന്ന ശ്രേഷ്ഠയുടെ പ്രഥമവ്രതവാഗ്ദാനവും സന്യാസവസ്ത്രസ്വീകരണവും നേപ്പാളിൽ വച്ച് നേപ്പാൾ വികാർ അപ്പസ്തോലിക് അഭിവന്ദ്യ മാർ പോൾ സിമിക്കിന്റെ മുഖ്യകാർമ്മികത്വത്തിൽ ദൈവാനുഗ്രഹപ്രദമായി നടത്തപ്പെട്ടു. ഈ തിരുക്കർമ്മങ്ങളിൽ ബഹു.

പ്രൊവിൻഷ്യലമ്മയും കൗൺസിലേഴ്സും സിസ്റ്റേഴ്സും പങ്കെടുത്തു.

- കാഞ്ഞിരപ്പള്ളി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നേതൃത്വത്തിൽ പഴയിടം ഇടവകയിൽ നടത്തിയ ഹോം മിഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സെപ്റ്റംബർ 7 ന് ഇടുക്കി രൂപതയിൽ രാജകുമാരി പള്ളിയിലേക്ക് നടന്ന മരിയൻ തീർത്ഥാടനത്തിൽ സി. ജാനറ്റ് പങ്കെടുത്തു.
- സെപ്റ്റംബർ 19-21 ജീസസ് യൂത്ത് കട്ടപ്പന സോണിന്റെ നേതൃത്വത്തിൽ ടീൻസിനു വേണ്ടി നടത്തിയ T4C എന്ന പ്രോഗ്രാമിൽ സി. ആൻസ് മരിയ പങ്കെടുത്തു.
- സുപ്പീരിയർ ജനറൽ സി. നിർമ്മല കുര്യാക്കോസ് തമിഴ്നാട്ടിലെ തൃശിനാപ്പള്ളി, കട്ടപ്പന റിച്ചാർഡ് പാമ്പുരി ഹോസ്റ്റൽ എന്നീ ശാഖാ ഭവനങ്ങളിൽ കനോനിക സന്ദർശനം നടത്തി.
- സെപ്റ്റംബർ 25. അടൂർ B.Ed College സ്റ്റുഡൻസിനു വേണ്ടി ചൈൽഡ് സൈക്കോളജി എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ വിമല ക്ലാസുകൾ എടുത്തു.
- പൊടിമറ്റം സ്റ്റഡി ഹൗസിൽ വച്ച് സെപ്റ്റംബർ 17 മുതൽ 20 വരെ aspirants നു "സമൂഹജീവിതം സന്യാസത്തിൽ" എന്ന വിഷയത്തിൽ ഫാ. നെൽസൺ MCBS ക്ലാസുകൾ എടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- പ്രൊവിൻഷ്യൽ ഹൗസിൽ പ്രൊവിൻസ് ഡേയും യൂണിഫിക്കേഷൻ ഡേയും ആഘോഷിച്ചു. ബ. ഫാ. മാത്യു പുത്തൻപറമ്പിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി. ബ. ഫാ. സിജോ ചെന്നാടൻ CMI ക്ലാസ്സെടുത്തു.

- സി. മേരി ഫിലിപ്പ്, സി. ലിൻസി, സി. മേരിലിറ്റ് എന്നിവർ വള്ളക്കടവ് പള്ളിയുടെ കൂദാശകർമ്മങ്ങളിൽ പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ ടീച്ചേഴ്സ് മീറ്റിംഗ് നടത്തി ഡോ. ആൻസി ജോസഫ് ക്ലാസ്സെടുത്തു.
- മത്തായിശ്ലീഹായുടെ തിരുനാൾ ദിനത്തിൽ പ്രൊവിൻഷ്യൽ ടീം അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന് തിരുനാൾ ആശംസകൾ അർപ്പിച്ചു.
- പ്രൊവിൻഷ്യൽ ഹൗസിൽ ട്രസ്റ്റ് മീറ്റിംഗ് നടത്തി.
- കൂവപ്പള്ളി സെന്റ് ജോസഫ് യു.പി. സ്കൂളിന്റെ വജ്രജൂബിലിയോടനുബന്ധിച്ച് പൂർവ്വഅധ്യാപകരെ ആദരിക്കുന്ന ചടങ്ങിൽ സി. മേരി മർസെലിൻ, സി. റെയ്ച്ചൽ, സി. ലിൻസി എന്നിവർ പങ്കെടുത്തു.
- സി. ആനി ജോൺ, സി. അൻസ എന്നിവർ പ്രമാണരേഖ, ക്രമാനുഷ്ഠാനവിധി പഠനകമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.
- ചിങ്ങം ഒന്നിന് വിവിധ മഠങ്ങളുടെ നേതൃത്വത്തിൽ കർഷകരെ ആദരിച്ച് സമ്മാനങ്ങൾ നല്കി.
- വിമൽജ്യോതി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വാർഷിക പൊതുയോഗം നടത്തി പുതിയ ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു.
- അധ്യാപക ദിനത്തോടനുബന്ധിച്ച് അധ്യാപകരെ ആദരിച്ച് സമ്മാനങ്ങൾ നല്കി.
- സർക്കാരിതര സംഘടനകളുമായി സഹകരിച്ച് ചങ്ങനാശ്ശേരി സേവാനികേതൻ വഴി 4 വാട്ടർ പൂരിഫയറുകൾ ക്ഷേമസ്ഥാപന ങ്ങളിൽ വാങ്ങി നല്കി.

- ഓണാഘോഷം മോചനകൂട്ടായ്മയിലും വിവിധ SHG ഗ്രൂപ്പുകളുടെ നേതൃത്വത്തിലും നടത്തി.
- ജംസ് പഠനപദ്ധതിയുടെ ഭാഗമായി ചങ്ങനാശേരിയിലും വാഴക്കുളത്തും ക്യാമ്പ് നടത്തി. ഈ ക്യാമ്പിൽ സഹോദരിമാർ പങ്കെടുത്തു.
- പഴയിടം ഇടവകയിലെ ഹോം മിഷനിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ ജൂണിയർ സിസ്റ്റേഴ്സിന്റെ കുടുംബാംഗങ്ങളുടെ സമ്മേളനം നടത്തി. ബ. ഫാ. ജോൺ മതിയത്ത് ക്ലാസ്സെടുത്തു.

## സ്നേഹസ്മരണയ്ക്ക്



**റവ. സി. അൽഫോൻസ CMC**
**പുൽപ്പേൽ, കാഞ്ഞിരപ്പള്ളി**

| | | |
|---|---|---|
| ജനനം | : | 04 - 03 - 1923 |
| ആദ്യവ്രതം | : | 19 - 05 - 1954 |
| നിത്യവ്രതം | : | 19 - 05 - 1957 |
| മരണം | : | 09 - 09 - 2024 |

# കെ.സി.എസ്.എൽ.

**കെ. സി. എസ്. എൽ. രചനാമത്സരം**

2024-25 വർഷത്തെ KCSL രൂപതാ തല രചനാമത്സരങ്ങൾ 2024 ഒക്ടോബർ 2 ബുധനാഴ്ച നടത്തപ്പെടുന്നു. ലോറേഞ്ച് സോണിലുള്ള സ്കൂളുകൾക്ക് കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് ഹൈസ്കൂളിൽ വച്ചും, ഹൈറേഞ്ച് സോണിലുള്ള സ്കൂളുകൾക്ക് കട്ടപ്പന സെന്റ് ജോർജ് ഹൈസ്കൂളിൽ വച്ചും മത്സരങ്ങൾ നടത്തപ്പെടുന്നു.

**നന്ദി**

കെ.സി.എസ്.എൽ. ഓഫീസിലെ റീജൻസിക്കാലം പൂർത്തിയാക്കിയ ബ്രദർ റ്റോബിൻ ഏറത്തുകുന്നേലിന് കാഞ്ഞിരപ്പള്ളി രൂപത കെ.സി.എസ്.എൽ. കുടുംബത്തിന്റെ നന്ദി.

**സ്വാഗതം**

കെ.സി.എസ്.എൽ. ഓഫീസിൽ റീജൻസി ശുശ്രൂഷകൾക്കായി പുതുതായി നിയോഗിക്കപ്പെട്ട ബ്രദർ കുര്യൻ കാവാലം പുതുപ്പറമ്പിലിന് കാഞ്ഞിരപ്പള്ളി രൂപത കെ.സി.എസ്.എൽ. കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

**ഫാ. ജോർജ് അനന്തക്കാട്ട്**
**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

**തേനി - ജംഗാൽപട്ടി മിഷൻ**

- അളകാപുരി, നിർമ്മല കോളനി, എന്നീ ഗ്രാമങ്ങളിൽ ഭവന സന്ദർശനം നടത്തി.
- ട്യൂഷൻ നല്കുന്ന കേന്ദ്രങ്ങൾ സന്ദർശിച്ചു കുട്ടികളോട് സംവദിക്കുകയും ക്ലാസുകളെക്കുറിച്ച് ചോദിച്ചറിഞ്ഞ് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.
- ഒരു കുടുംബത്തിന് ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് ഷീറ്റ് നൽകി.
- ശരീരത്തിന്റെ ഒരു ഭാഗം തളർന്ന ഒരാൾക്ക് ചികിത്സക്കായി ധനസഹായം നൽകുകയും തേനി മെഡിക്കൽ കോളജിൽ പോകാൻ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.
- സുക്കാൻഗൽപട്ടി ഗ്രാമത്തിലെ ട്യൂഷൻ കേന്ദ്രത്തിൽ പുതിയ Black Board ഉപയോഗിച്ചുള്ള ക്ലാസ് ഉദ്ഘാടനം നടത്തി.
- ഗ്രാമങ്ങൾ സന്ദർശിക്കുമ്പോൾ രോഗികൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.

**കമ്പം മിഷൻ**

- ആഗസ്റ്റ് 26- കുമളി ഫൊറോന ഇടവകയിലെ വിശ്വാസ

പരിശീലനം +1 ക്ലാസ് വിദ്യാർത്ഥികൾ മിഷൻ സന്ദർശിച്ചു. വിദ്യാർത്ഥികൾ കൊണ്ടുവന്ന നിത്യോപയോഗ സാധനങ്ങൾ ഗ്രാമത്തിൽ ഉള്ളവർക്ക് വിതരണം ചെയ്തു.

- ആഗസ്റ്റ് 31- Hairband project ചെറുവള്ളിക്കുളം, പുറക്കയം, കണയങ്കവയൽ എന്നീ ഇടവകകളിൽ നടത്തി.
- സെപ്റ്റംബർ 8 – കുട്ടിക്കാനം മരിയൻ കോളേജ് എം.ബി.എ വിദ്യാർത്ഥികൾ മിഷനിൽ Social Sensitisation programme നടത്തി.
- സെപ്റ്റംബർ 12- പുറ്റടി ഇടവകയിൽ ഓണം കിറ്റ് എത്തിച്ച് വിൽപന നടത്തി.
- സെപ്റ്റംബർ 13– കാഞ്ചിയാർ ഇടവകയിൽ ഓണസദ്യക്കുള്ള പച്ചക്കറി എത്തിച്ച് നൽകി.
- സെപ്റ്റംബർ 17 – കൽത്തൊട്ടി ഇടവകയിൽ നിന്നുള്ള വിശ്വാസ പരിശീലനം ക്ലാസ് 10–ലെ വിദ്യാർത്ഥികൾ, ബഹു.വികാരിയച്ചൻ ബഹു. സിസ്റ്റേഴ്സ്, സൺഡേസ്കൂൾ അധ്യാപകർ ഇവരോടൊപ്പം മിഷൻ സന്ദർശിച്ചു.
- സെപ്റ്റംബർ 18– മേലോരം ഇടവകയിലെ ബഹു.വികാരിയച്ചൻ, ബഹു. സിസ്റ്റേഴ്സ് എന്നിവർ മിഷൻ സന്ദർശിച്ചു.

**ഫാ. തോമസ് കാഞ്ഞിരക്കാട്ട്**
**(ഡയറക്ടർ)**

**ഫാ. ഷാൻ ആയല്ലൂർ**
**(അസി. ഡയറക്ടർ)**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**Hands For Dialysis (ഹാൻഡ്സ് ഫോർ ഡയാലിസിസ്)**

ഡയാലിസിസ് രോഗികളുടെ ചികിത്സ ധനശേഖരണാർത്ഥം മുണ്ടക്കയം ഫൊറോന SMYM ന്റെയും, കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷന്റെയും, മുണ്ടക്കയം MMT ആശുപത്രിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ മുണ്ടക്കയം CSI പാരിഷ് ഹാളിൽ വെച്ച് സെപ്റ്റംബർ 07 ന് നാടക പ്രദർശനം നടത്തപ്പെട്ടു.

നിർധനരായ ഡയാലിസിസ് രോഗികൾക്ക് 1000 ഡയാലിസിസ് സൗജന്യമായി നൽകുക എന്ന ലക്ഷ്യത്തോടെയാണ് നാടകം അവതരിപ്പിച്ചത്. കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷന്റെ 'തച്ചൻ' എന്ന പുതിയ നാടകമാണ് അവതരിപ്പിച്ചത്. നിരവധിയായ സുമനസ്സുകളുടെ സഹായത്തോടെ ആയിരം ഡയാലിസിസ് സൗജന്യമായി നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ജൂൺ , 2020 ൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിൽ നാളിതുവരെയായി 25000 ഡയാലിസിസുകൾ പൂർത്തീകരിച്ചിരിക്കുന്നു.

**ഡയാലിസിസ് രോഗികൾക്ക് കൈത്താങ്ങായി മുണ്ടക്കയം ഫൊറോന SMYM.**

നിർധനരായ ഡയാലിസിസ് രോഗികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ മുണ്ടക്കയം ഫൊറോന എസ് എം വൈ എം നാളുകളായി നിരവധിയായ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.

ഡയാലിസിസ് രോഗികളെ സഹായിക്കുവാനായി കാഞ്ഞിരപ്പള്ളി അമല കമ്മ്യൂണിക്കേഷനും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിനും ഒപ്പം പ്രധാന പങ്ക് വഹിച്ച മുണ്ടക്കയം ഫൊറോന SMYM ഡയാലിസിസ് രോഗികൾക്കായി 50000/- രൂപ സംഭാവന നൽകുകയും ചെയ്തു.

SMYM ഫൊറോന ഡയറക്ടർ ഫാ. റ്റിജോ തുണ്ടത്തിൽ, ആനിമേറ്റർ സി. റെജീന SABS, SMYM ഭാരവാഹികൾ എന്നിവർ പങ്കെടുത്ത ചടങ്ങിൽ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ ഫാ. ദിപു പുത്തൻപുരയ്ക്കൽ നന്ദി അർപ്പിച്ചു. ഹോസ്പിറ്റൽ കൗൺസിലർ സി. റോസ്‌ലെറ്റ് CMC, ഡയാലിസിസ് സ്റ്റാഫ്നേഴ്സ് സോജൻ മാത്യു, സോഷ്യൽ വർക്കർ ഡോണി റോസ് ജോർജ് എന്നിവർ സംഭാവന ഏറ്റുവാങ്ങി.

**ബോധവൽക്കരണ ക്ലാസ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും മരിയൻ എസ്.എച്ച് ഗേൾസ് ഹോസ്റ്റൽ കുട്ടിക്കാനത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ കുട്ടികൾക്ക് വൃക്കരോഗാവസ്ഥയെ പറ്റിയും, ചികിത്സയെ പറ്റിയും ബോധവൽകരണ ക്ലാസ്സ് നടത്തി.

വൃക്ക സംബന്ധമായ പ്രശ്നങ്ങളും അതുമൂലം ഉണ്ടാകുന്ന മാനസിക, ശാരീരിക, സാമ്പത്തിക ബുദ്ധിമുട്ടുകളെ പറ്റിയുമാണ് MMT ഹോസ്പിറ്റലിലെ ഡയാലിസിസ് സ്റ്റാഫ് നേഴ്സ് സോജൻ മാത്യു സംസാരിച്ചത്. ഹോസ്റ്റൽ വാർഡൻ സി. ജയ എസ്.എച്ച്, ഹോസ്പിറ്റൽ കൗൺസിലർ സി. റോസ് ലെറ്റ്, ഡയാലിസസ് സ്റ്റാഫ് നഴ്സ് സോജൻ മാത്യു, MMT ഹോസ്പിറ്റൽ സോഷ്യൽ വർക്കർ ഡോണി റോസ് ജോർജ് എന്നിവർ പങ്കെടുത്തു.

**കൈത്താങ്ങായി ഇടക്കുന്നം വെളാങ്കണ്ണിമാതാ പള്ളി.**

നിർധനരായ ഡയാലിസിസ് രോഗികൾക്ക് 1000 ഡയാലിസിസ് സൗജന്യമായി നൽകുക എന്ന ലക്ഷ്യത്തോടെയുള്ള 'ഡയാലിസിസ് രോഗികൾക്ക് ഒരു കൈത്താങ്ങ്' എന്ന പദ്ധതിയലേക്ക് എട്ട് നോയമ്പിനോട് അനുബന്ധിച്ച് 75000/- രൂപ സംഭാവന നൽകി ഇടക്കുന്നം വെളാങ്കണ്ണി മാതാ പള്ളി ഇടവകാംഗങ്ങൾ.

ഇടവക വികാരി റവ. ഫാ. ജെയിംസ് ചവറപ്പുഴ, ഇടവക കൈക്കാരന്മാർ എന്നിവർ ചേർന്ന് സംഭാവന ഡയാലിസിസ് യൂണിറ്റിന് കൈമാറി.

**മുട്ടപ്പള്ളി–മെഡിക്കൽ ക്യാമ്പ്**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെയും ഹിദായത്തുൽ ഇസ്ലാം മസ്ജിദിന്റെയും, സംയുക്ത ആഭിമുഖ്യത്തിൽ ഹിദായത്തുൽ ഇസ്ലാം മദ്റസ ഹാൾ മുട്ടപ്പള്ളിയിൽ വച്ച് സെപ്തംബർ 29 ഞായറാഴ്ച രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണിവരെ ഗൈനക്കോളജി വിഭാഗത്തിന്റെ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. നൂറിൽപരമാളുകളാണ് ക്യാമ്പിൽ പങ്കെടുത്തത്. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ഡോ. ദിവ്യ ബി. നേതൃത്വം നൽകിയ സൗജന്യ സ്ത്രീരോഗമെഡിക്കൽ ക്യാമ്പിൽ കൺസൾട്ടേഷനും മരുന്നുകളും സൗജന്യമായി നൽകി

**ഓണം ആഘോഷിച്ച് MMT ഹോസ്പിറ്റൽ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ ഈ വർഷത്തെ ഓണം സെപ്തംബർ 13, 14 തിയതികളിലായി നടത്തപ്പെട്ടു. ഓണാഘോഷം ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി തോമസ് ഉദ്ഘാടനം ചെയ്തു. വിവിധ മത്സരങ്ങളും

കലാപരിപാടികളും ഓണാഘോഷങ്ങൾക്ക് നിറവേകി. എം.എം.ടി ഹോസ്പിറ്റലിലെ എല്ലാവരും ഓണസദ്യയോട് കൂടി ഓണത്തെ വരവേറ്റു.

**ലോക ഫാർമസിസ്റ്റ് ദിനം**

എം.എം.ടി ഹോസ്പിറ്റലിൽ ലോക ഫാർമസിസ്റ്റ് ദിനം ആചരിച്ചു. ഫാർമസിസ്റ്റുകൾ ആതുരസേവനരംഗത്ത് ചെയ്യുന്ന സേവനത്തെ എം.എം.ടി ഹോസ്പിറ്റലിൽ അസിസ്റ്റന്റ് ഡയറക്ടർ ഫാദർ സിജു ഞള്ളിമാക്കൽ പ്രശംസിച്ചു. ഹോസ്പിറ്റലിലെ എല്ലാ ഫാർമസിസ്റ്റുകൾക്കും ആദരസൂചകമായി പൂക്കൾ വിതരണം ചെയ്തും മധുരം നൽകിയും ഈ ദിനം ആചരിച്ചു.

**വയോജന പരിചരണ ബോധവൽക്കരണ ക്ലാസ്**

വയോജനങ്ങളെ പരിചരിക്കുന്നത് സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ഡീനും, ഓൾ കേരള ഓൾഡേജ് സെന്റേഴ്സ് ഡയറക്ടറുമായ പ്രൊഫ ഡോ. K. S ഷാജി എം.എം.ടി ഹോസ്പിറ്റലിലെ ഡോക്ടേഴ്സിനും നേഴ്സുമാർക്കും ബോധവൽക്കരണ ക്ലാസ് നൽകി. ഈ കാലഘട്ടത്തിൽ വയോജനങ്ങൾക്ക് നൽകുന്ന പരിചരണത്തെ പറ്റിയും മെഡിക്കൽ വിഭാഗത്തിൽ വന്ന പുതിയ മാറ്റങ്ങളെ പറ്റിയും പ്രൊഫ ഡോ. K. S ഷാജി സംസാരിച്ചു. കമ്മ്യൂണിറ്റി മെഡിസിൻ ഡോക്ടർ ക്രിസ്റ്റി മരിയ യോഗത്തിന് സ്വാഗതം അർപ്പിക്കുകയും, സൈക്കാട്രി വിഭാഗം ഡോക്ടർ ചിന്നു മേരി ചാക്കോ യോഗത്തിന് നന്ദി പറയുകയും ചെയ്തു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ആർപ്പൂക്കര പള്ളിയിൽ നടന്ന സംസ്ഥാന ഡി.സി.എം.എസ്. എക്സിക്യൂട്ടീവ് മീറ്റിംഗിലും ഉച്ചകഴിഞ്ഞ് ആർപ്പൂക്കര പള്ളിയിൽ നടന്ന ഡി.സി.എം.എസ്. സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ ചരമവാർഷിക ദിനത്തിലും രൂപതയിൽനിന്നു ഡയറക്ടർ, പ്രസിഡന്റ് എന്നിവർ പങ്കെടുത്തു. ഉച്ചകഴിഞ്ഞു നടന്ന വി. കുർബാനയിൽ ചങ്ങനാശ്ശേരി അതിരൂപത നിയുക്ത ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ വചനസന്ദേശം നൽകി. തുടർന്നു നടന്ന അനുസ്മരണയോഗം ആർച്ച് പ്രീസ്റ്റ് റവ. ഡോ. മാണി പുതിയിടം അച്ചൻ ഉദ്ഘാടനം ചെയ്തു. 250 പേരോളം പങ്കെടുത്തു.

- സെപ്റ്റംബർ 4-ാം ന് രാവിലെ കാഞ്ഞിരപ്പള്ളി രൂപത ഡി.സി.എം.എസ്.ന്റെ ഡയറക്ടറും സംസ്ഥാന ഭാരവാഹികളും ചങ്ങനാശ്ശേരി അതിരൂപതയിൽ നിയുക്ത ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ് മാർ തോമസ് തറയിൽ പിതാവിനെ സന്ദർശിച്ച് ആശംസകൾ നേർന്നു.

- സെപ്റ്റംബർ 23, 24 (തിങ്കൾ, ചൊവ്വ) ദിവസങ്ങളിൽ കുട്ടിക്കാനം തട്ടാത്തിക്കാനത്തുള്ള പി.ഡി.എസ്. കൺവെൻഷൻ സെന്ററിൽ ഡി.സി.എം.എസ്. രൂപതാ ഡയറക്ടർമാരുടെ സമ്മേളനം നടത്തി.

തിങ്കൾ വൈകിട്ട് 4 മണിക്ക് ആരംഭിച്ച സമ്മേളനം 24-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് സമാപിച്ചു. KCBC, SC, ST/BC ചെയർമാൻ അഭിവന്ദ്യ ഗീവർഗീസ് മാർ അപ്രേം പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. സഹായസഹകരണങ്ങൾ നല്കിയ പി.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ കുന്നത്തുപുരയിടത്തിന് നന്ദി അർപ്പിച്ചു.

- KCBC, SC, ST/BC കഴിഞ്ഞ വർഷത്തെ പഠനസഹായ സ്കോളർഷിപ്പ് അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി. കഴിഞ്ഞ വർഷം SSLC, +2, Degree, PG എന്നീ തലത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ കുട്ടികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. ഒക്ടോബർ 30-ാം തീയതിയാണ് അപേക്ഷകൾ രൂപതയിൽ ലഭിക്കേണ്ട അവസാന തീയതി.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 464-ാമതും കൂരിയായുടെ 921-ാമതും സമ്മേളനം 2024 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷ ജ്ഞാനവായന നടത്തി. മുൻസമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്ര. ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ ഹാജരായ കമ്മീസിയം ഭാരവാഹികൾക്കും കൂരിയ, പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

2024 ജൂൺ മാസത്തിലെ കൺസീലിയം മീറ്റിംഗിൽ ആധ്യാത്മികനിയന്താവ് ഫാ. പോൾ ചർച്ചിൽ നടത്തിയ പ്രഭാഷണത്തിന്റെ മലയാള പരിഭാഷ സമ്മേളനത്തിൽ വായിച്ചു.

ലീജിയൻ നിയമഗ്രന്ഥം അധ്യായം 39 പേജ് 432 ''പ്രഖ്യാപിക്കപ്പെടേണ്ട കന്യക, എല്ലാ മനുഷ്യരുടെയും മാതാവാകയാൽ പരി. കന്യകയെ എല്ലാവരും അറിയുവാനും മനസ്സിലാക്കുവാനും ഇടയാക്കണം" എന്ന ഭാഗത്തെ ആസ്പദമാക്കി ആനിക്കാട് കൂരിയ സെക്രട്ടറി സി. ഡോൾസി ജോൺ ആലുങ്കൽ നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 ഒക്ടോബർ 12-ാം



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ കാഞ്ഞിരപ്പള്ളി രൂപതാതല പ്രതിമാസയോഗം സെപ്റ്റംബർ 8–ാം തീയതി രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് രൂപതാ ഓഫീസിൽ കൂടി. പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv.) സന്നിഹിതനായിരുന്നു.

പ്രാരംഭപ്രാർത്ഥനയ്ക്ക് ഫോർമേറ്റർ ബ്രദർ ജോസ് കിഴക്കേത്തലയ്ക്കൽ നേതൃത്വം നൽകി. എല്ലാവർക്കും പരിശുദ്ധ ദൈവമാതാവിന്റെ പിറവിത്തിരുനാൾ മംഗളങ്ങൾ നേർന്നുകൊണ്ട് പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗം നടത്തി.

ദൈവത്തിന്റെ ദാസിയായി സ്വയം എളിമപ്പെട്ട പരിശുദ്ധ കന്യകാമറിയം നമുക്ക് മാതൃകയായിരിക്കണമെന്നും ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ എളിമയുടെ ജീവിതം നയിക്കുന്നവരാണെന്നും ഓർമ്മിപ്പിച്ചുകൊണ്ടായിരുന്നു രൂപതാ ഡയറക്ടറുടെ അനുഗ്രഹപ്രഭാഷണം.

രൂപതാ സെക്രട്ടറി ബ്രദർ തോമസ് ചാക്കോ മണിമലക്കരോട്ട് മുൻയോഗ റിപ്പോർട്ട് അവതരിപ്പിച്ചു. ഓരോ ഭാതൃത്വങ്ങളുടെയും

---

## ലീജിയൻ ഓഫ് മേരി

തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനു വേണ്ടിയുള്ള പ്രാർത്ഥന എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

റിപ്പോർട്ടുകൾ അതാത് ഭാതൃത്വങ്ങൾ അവതരിപ്പിച്ചു. ഭാതൃത്വങ്ങളുടെ പ്രവർത്തനങ്ങൾ നല്ല നിലയിൽ പോകുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ചർച്ചകൾക്കുശേഷം താഴെപറയുന്ന തീരുമാനങ്ങൾ അംഗീകരിച്ചു.

1. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാളിനോട് അനുബന്ധിച്ച് രൂപതയിലെ ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾ ചോറ്റി നിർമ്മരാരാം ആശ്രമത്തിൽ ഒക്ടോബർ 3-ാം തീയതി ഒത്തുചേർന്ന് നടത്തുന്ന പ്രത്യേക പ്രാർത്ഥനകളിലും തിരുക്കർമ്മങ്ങളിലും എല്ലാ ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങളും പങ്കെടുക്കുക.

2. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിവസമായ ഒക്ടോബർ 4-ാം തീയതി ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങൾ ഉള്ള ഇടവകകളിൽ പ്രത്യേകം വിശുദ്ധ കുർബാന ചൊല്ലിക്കുകയും ദിവ്യബലിയിൽ പങ്കെടുക്കുകയും നേർച്ചകൾ വിതരണം ചെയ്യുകയും ചെയ്യുക.

3. വിശുദ്ധ ഫ്രാൻസിസ് അസ്സിസിയുടെ തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ 25 മുതൽ 9 ദിവസത്തെ നൊവേന ചൊല്ലി പ്രാർത്ഥിക്കുക.

4. ഈ വർഷത്തെ അർത്ഥിസ്വീകരണവും സഭാവസ്ത്ര സ്വീകരണവും ഒക്ടോബർ 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ചോറ്റി നിർമ്മലാരാം ആശ്രമത്തിൽ വച്ച് നടത്തുക.

5. രൂപതാ ഭാരവാഹികളുടെ ഭാതൃത്വ സന്ദർശനങ്ങളുടെ ഭാഗമായി ഒക്ടോബർ 6 ന് എലിക്കുളവും 12-ാം തീയതി ആനിക്കാടും സന്ദർശിക്കുവാൻ തീരുമാനിച്ചു.

രൂപതാ ഡയറക്ടറുടെ സമാപനാശീർവാദത്തോടുകൂടി യോഗം 5 മണിക്ക് സമാപിച്ചു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

**സെൻട്രൽ കൗൺസിൽ യോഗം**

സെൻട്രൽ കൗൺസിലിന്റെ ഒരു സബ് കമ്മിറ്റിയോഗം 31-08-2024 നും 01-09-2024 രാവിലെ 10.30 ന് സെൻട്രൽ കൗൺസിൽ യോഗവും സി.സി. ഓഫീസിൽ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. വിവിധ വിഷയങ്ങൾ ആലോചനാ വിഷയങ്ങളായി.

ഏരിയാ കൗൺസിൽ/കോൺഫ്രൻസ് ഭാരവാഹികൾക്കു വേണ്ടി വാർഷിക കണക്കുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് ഒരു പരിശീലന ക്ലാസ് വിവിധ ഏ.സി.കളിൽ നടത്തുന്നതിന് തീരുമാനിച്ചു. താഴെ പറയുന്ന പ്രകാരം ക്ലാസുകൾ നടത്തുന്നു. തീയതിയും എ.സി.കളും സമയവും.

29-09-2024 : മേരികുളം, അണക്കര, കട്ടപ്പന, കുമളി - 10 am

06-10-2024 : എരുമേലി, മുണ്ടക്കയം - 11 am

13-10-2024 : റാന്നി, പൊടിമറ്റം - 2.30 pm

20-10-2024 : കാഞ്ഞിരപ്പള്ളി, ചിറക്കടവ് - 2.30 pm

27-10-2024 : ഇളങ്ങുളം - 2.30 pm

**ഓസ്സാനാം ഫെസ്റ്റ് 2025**

കെ.ആർ.സി.സി.യുടെ ഈ വർഷത്തെ കലാരചനാ മത്സരങ്ങൾ ഓസാനാം ഫെസ്റ്റ് 2025 ജനുവരി 11 ശനിയാഴ്ച നടത്തുന്നു. അതിൻപ്രകാരം നമ്മുടെ സി.സി.യിലും ഓസ്സാനാം

ഫെസ്റ്റ് 2024 നവംബർ മാസം 9-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. വിശദമായ സർക്കുലർ എ.സി. പ്രസിഡന്റുമാർക്ക് കൈമാറിയിട്ടുണ്ട്. അതിൻപ്രകാരം എല്ലാ ജൂണിയർ കോൺഫ്രൻസുകളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുവാൻ ആനിമേറ്റർമാർക്ക് വേണ്ട നിർദ്ദേശങ്ങൾ എ.സി. പ്രസിഡന്റുമാർ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**സംയുക്തസമ്മേളനങ്ങൾ**

പൊടിമറ്റം ഏരിയാ കൗൺസിലിന്റെ ഒരു സംയുക്തസമ്മേളനം 03-08-2024 ഞായറാഴ്ച 2.30 ന് പുത്തൻകൊരട്ടി സെന്റ് ജോസഫ്സ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ കൊരട്ടി സെന്റ് ജോസഫ്സ് പള്ളിയിൽ ജപമാലയും ആരാധനയോടെയും ആരംഭിച്ചു. തുടർന്ന് ആത്മീയ പ്രഭാഷണം റവ. ഫാ. കുര്യാക്കോസ് വടക്കേടത്ത് പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. തുടർന്ന് പാരീഷ് ഹാളിൽ യോഗം ആരംഭിച്ചു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. സജി താന്നിക്കത്തൊട്ടിയിൽ സ്വാഗതം ആശംസിച്ചു. പ്രാരംഭപ്രാർത്ഥന ബ്ര. ഡോമിനിക് തുണ്ടിയിൽ നടത്തി. ജ്ഞാനവായന കൊരട്ടി ലേഡീസ് കോൺഫ്രൻസ് പ്രസിഡന്റ് മോളി രാജീവ് ആര്യമണ്ണിൽ നടത്തി. ബഹു. വികാരി റവ. ഫാ. ജേക്കബ് ചാത്തനാട്ട് സമ്മേളനം ഉൽഘാടനം ചെയ്ത് സന്ദേശം നൽകി. ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. മാത്യു സഖറിയാസ് തൂങ്കുഴി അദ്ധ്യക്ഷപ്രസംഗം നടത്തി. എ.സി. സെക്രട്ടറി ബ്ര. ടോമി തോമസ് എ.സി.യുടെ റിപ്പോർട്ട് അവതരിപ്പിച്ചു. എ.സി. ട്രഷറർ ബ്ര. ജോസ് സെബാസ്റ്റ്യൻ കണക്കുകൾ അവതരിപ്പിച്ചു. തുടർന്ന് കോൺഫ്രൻസുകളുടെ റിപ്പോർട്ടിംഗ് നടന്നു. തുടർന്ന് ചിറക്കടവ് എ.സി. പ്രസിഡന്റ് ബ്ര. ഷാജി ജേക്കബ് മഞ്ഞാടിയിൽ ചർച്ചകൾ നയിക്കുകയും സി.സി. അറിയിപ്പുകൾ വിവരിക്കുകയും ചെയ്തു. സമാപന പ്രാർത്ഥന കൊരട്ടി കോൺഫ്രൻസ് അംഗം ബ്ര. ഡോമിനിക് തുണ്ടിയിൽ

നടത്തി. പൊടിമറ്റം എ.സി. വൈസ് പ്രസിഡന്റ് ബ്ര. സിബി മാത്യു യോഗത്തിന് നന്ദി പറഞ്ഞു. 58 അംഗങ്ങൾ പങ്കെടുത്ത യോഗം സ്നേഹവിരുന്നോടെ 5.15 പി.എം.ന് സമംഗളം പര്യവസാനിച്ചു.

റാന്നി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്തയോഗം പ്ലാച്ചേരി ഫാത്തിമമാതാ കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 28-08-2024 ഞായറാഴ്ച 2.30 ന് പ്ലാച്ചേരി ഫാത്തിമമാതാ പാരീഷ് ഹാളിൽ കൂടുകയുണ്ടായി. യോഗത്തിൽ ഏരിയാ കൗൺസിൽ പ്രസിഡന്റ് ബ്ര. സുരേഷ് തോമസ് അദ്ധ്യക്ഷത വഹിച്ചു. പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന ഇവയ്ക്കുശേഷം ഫാത്തിമമാതാ കോൺഫ്രൻസ് വൈസ് പ്രസിഡന്റ് ബ്ര. തോമസുകുട്ടി വലക്കമറ്റം സ്വാഗതം ആശംസിച്ചു. ഫാത്തിമമാതാ പള്ളി വികാരി റവ. ഫാ. ബ്രൈറ്റ് മാത്തൻകുന്നേൽ അനുഗ്രഹപ്രഭാഷണം നടത്തി. തുടർന്ന് കോൺഫ്രൻസുകളുടെ അവലോകനം നടത്തി. എ.സി.യുടെ റിപ്പോർട്ട് സീതത്തോട് കോൺഫ്രൻസ് അംഗം വർഗീസ് തേവറോലിൽ അവതരിപ്പിച്ചു. കണക്കുകൾ ബ്ര. ടോമി കടൂക്കുന്നേൽ അവതരിപ്പിച്ചു. സി.സി. സെക്രട്ടറി ബ്ര. എം.ജെ.ജോസഫ്, സി.സി. ട്രഷറർ വർഗീസ് ജോർജ് രണ്ടുപ്ലാക്കൽ എന്നിവർ ചർച്ച0കൾ നയിക്കുകയും സി.സി.യുടെ അറിയിപ്പുകൾ പങ്കുവയ്ക്കുകയും ചെയ്തു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. മാത്തുക്കുട്ടി കൃതജ്ഞത പറഞ്ഞു. സമാപന പ്രാർത്ഥനയോടെ അംഗങ്ങൾ പങ്കെടുത്ത യോഗം സമംഗളം പര്യവസാനിച്ചു.

ചിറക്കടവ് എ സി യുടെ ഈ വർഷത്തെ 2-ാമത് സംയുക്ത സമ്മേളനം 22-09-2024 ഞായറാഴ്ച പരുന്തുമല സെന്റ് മേരീസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു. 2 മണിക്ക് ദൈവാലയത്തിൽ ജപമാലക്ക് ശേഷം എ.സി പ്രസിഡന്റ് ബ്ര. ഷാജി ജേക്കബ് മഞ്ഞാടിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം താമരക്കുന്ന് സെ. ഇഫ്രേം പള്ളി അസി.വികാരി റവ. ഫാ. സിജോ

നടയ്ക്കൽ ഉത്ഘാടനം ചെയ്ത് അനുഗ്രഹപ്രഭാഷണം നടത്തി. പ്രാരംഭ പ്രാർത്ഥന, ജ്ഞാനവായന എന്നിവ ബ്ര. വി സി എബ്രഹാം വടക്കയിൽ നടത്തി. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര.ജെയിംസ് എബ്രഹാം മണ്ണംപ്ലാക്കൽ സ്വാഗതം ആശംസിച്ചു. സി.സി. എഡ്യൂക്കേഷൻ ഓഫീസർ ബ്ര.റ്റി. എം. മാത്തുക്കുട്ടി തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് കോൺഫ്രൻസുകൾ കഴിഞ്ഞ 3 മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. അലൻ, അഞ്ചു മണ്ണംപ്ലാക്കൽ എന്നിവർ ചേർന്ന് മനോഹരമായ ഗാനം ആലപിച്ചു. കോൺഫ്രൻസുകൾ എല്ലാവരും ഓസാനം ദിന പിരിവ് നടത്തിയത് എ സി യിൽ ഏൽപ്പിച്ചു. സി സി യുടെ വൈസ് പ്രസിഡന്റും മേഖലാ കോർഡിനേറ്ററുമായി നിയോഗിക്കപ്പെട്ട ബ്ര. ഷാജി മഞ്ഞാടിയിലിന് അഭിനന്ദനങ്ങൾ അറിയിച്ച് സി.സി. സെക്രട്ടറി ബ്ര. ജോസഫ് എം.ജെ, ബ്ര.റ്റി.എം. മാത്തുക്കുട്ടി എന്നിവർ സംസാരിച്ചു. ബ്ര.തങ്കച്ചൻ ഉപ്പുകുന്നേൽ കൃതജ്ഞത അർപ്പിച്ചു. യോഗത്തിൽ 72 പേർ പങ്കെടുത്തു. തുടർന്ന് കോൺഫ്രൻസ് അംഗങ്ങൾ നൽകിയ സ്നേഹവിരുന്നോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചന ധ്യാനം**

സെപ്റ്റംബർ 10 മുതൽ 17 വരെ തീയതികളിൽ തമ്പലക്കാട് പെനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ധ്യാനത്തിൽ 30 പേർ സംബന്ധിച്ചു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ വി. കുർബാന, ധ്യാനം, ക്ലാസ്, ആരാധന, ചർച്ച, കൗൺസിലിംഗ് എന്നിവ വളരെ വിജയകരമായി നടത്തി. എല്ലാ മാസവും ധ്യാനപരിപാടികളിൽ സഹകരിച്ചുകൊണ്ടിരുന്ന എല്ലാവരും എത്തുകയും ധ്യാനദിവസങ്ങൾ അനുഗ്രഹപ്രദമാക്കുകയും ചെയ്തു. 17-ാം തീയതി രാവിലെ ദിവ്യബലിയോടെ സമാപിച്ചു.

**ജീസസ് ഫ്രെട്ടേണിറ്റി**

സെപ്റ്റംബർ 14-ാം തീയതി സി. ടെസി മരിയ എഫ്.സി.സി.യുടെ നേതൃത്വത്തിൽ പീരുമേട് ജയിൽ സന്ദർശിച്ചു. സി.എം.സി. ജൂണിയർ സിസ്റ്റേഴ്സ് 4 പേർ കൂടെയുണ്ടായിരുന്നു. ബോധവത്ക്കരണ ക്ലാസ്, തിരുവോണക്വിസ്, വിവിധ കലാമത്സരങ്ങൾ എന്നിവ നടത്തി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. മധുരപലഹാരങ്ങൾ നൽകി ഓണം മധുരതരമാക്കി.

സെപ്റ്റംബർ 17-ാം തീയതി പൊൻകുന്നം ജയിൽ സന്ദർശിച്ചു. സി. ടെസി മരിയയുടെ കൂടെ രണ്ട് എഫ്.സി.സി. സിസ്റ്റേഴ്സും ഉണ്ടായിരുന്നു. ബോധവത്ക്കരണ ക്ലാസിനുശേഷം ഓണത്തെ സംബന്ധിച്ചുള്ള ക്വിസ് നടത്തി. കൂടാതെ വിവിധ കലാമത്സരങ്ങളും സംഘടിപ്പിച്ചു. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങളും നൽകി. മധുരപലഹാരവിതരണവും ഉണ്ടായിരുന്നു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻപുസ്തകങ്ങൾ

1. **Mystical Whispers : Jomin Joseph**

Contemplating Jesus in the fourth Gospel

Page : 284 / Rs: 600/ Edition : I[st]

This book reveals the deep treasures of the Fourth Gospel for the spiritual nourishment of all who seek intimacy with Jesus. Indeed, this book is a great contribution to Spiritual Theology!

2. **നർമ്മം ഒരു ബോണസ് : എൻ. എസ് ഐസക്**

പേജ് :76/ വില: 90/ എഡിഷൻ:1

ചിരി ആരോഗ്യത്തിന്റെ താക്കോലാണ്. അതു ഹൃദയത്തിന് ആവശ്യമായ അമൃതതുല്യമായ ഒരു ഉത്തേജനൗഷധം കൂടിയാണെന്നാണ്പണ്ഡിതമതം. ഇതിൽ ചേർത്തിരിക്കുന്നവയെല്ലാം നുറുങ്ങു കഥകളായതുകൊണ്ട് യാത്രാവേളയിലും, വിശ്രമസമയത്തും, ബെഡ്റീഡിംഗിനും ഇതുപകരിക്കുമെന്നതിൽ സംശയമില്ല. ടെൻഷന്റെയും വിരസതയുടെയും മദ്ധ്യത്തിൽ ഈ ചെറുപുസ്തകം ഒരാശ്വാസമായോ ബോണസ്സായോ ഉപകരിക്കും.

## പുത്തൻ പതിപ്പുകൾ

1. യുഗാന്ത്യ ദൈവശാസ്ത്രത്തിന് ഒരാമുഖം

: ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

## പണിപ്പുരയിൽ

1. സൺഡേസ്കൂൾ പ്രസംഗം- വാല്യം 7: സി. ഫിലമിൻ CMC
2. Cyber Apostolate : Fr. Justin Mathiyath
3. സൗഖ്യാരാധന : ഫാ. നിബി കന്നായി
4. വിരലുകൾ പറഞ്ഞ കഥ : എൻ.എസ് ഐസക്
5. പടിയറ ഫലിതങ്ങൾ : ബോബൻ തെക്കേൽ
6. സമ്പൂർണ്ണ ആരോഗ്യഗൈഡ് : ഡോ. അനിറ്റ് ജോസഫ്
7. കേരളചരിത്രത്തെ സ്വാധീനിച്ച ക്രൈസ്തവ പുരോഹിതർ : ബിനു ജോസഫ് കാരുവള്ളിൽ

**ഫാ. ജസ്റ്റിൻ മതിയത്ത്**
**ഡയറക്ടർ**

# Special Care Homes & Charitable Institutions (SEARCH)

**ആശാ നിലയം (എയ്ഞ്ചൽസ് വില്ലേജ്)**

ഓണത്തോടനുബന്ധിച്ചുള്ള ഓണച്ചന്തയുടെ വിപണനവുമായി ബന്ധപ്പെട്ട് എയ്ഞ്ചൽ ഷോപ്പിനോട് ചേർന്നുള്ള റൂമിന്റെ വെഞ്ചിരിപ്പ് കർമ്മം ബഹു. റോയി മാത്യു വടക്കേൽ അച്ചൻ എയ്ഞ്ചൽ വില്ലേജിലെ കുട്ടികളോടും സ്റ്റാഫ് അംഗങ്ങളോടുമൊപ്പം സെപ്റ്റംബർ 4-ാം തീയതി നിർവഹിക്കുകയും വിൽപ്പന ആരംഭിക്കുകയും ചെയ്തു.

"ഈ ഓണം മാലാഖമാരോടൊത്ത്" എന്ന സന്ദേശം ഉൾക്കൊണ്ടുകൊണ്ട് ഭിന്നശേഷിക്കാർക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ ഓണക്കിറ്റ് വിതരണം എയ്ഞ്ചൽസ് വില്ലേജിലെ കുടുംബാംഗങ്ങൾ നിർവ്വഹിക്കുകയുണ്ടായി.

ടീച്ചേഴ്സ് ഡേ-യോടനുബന്ധിച്ച് സംഘടിപ്പിച്ച പ്രോഗ്രാമിൽ ഡയറക്ടർ, പ്രിൻസിപ്പൽ, അധ്യാപകർ, അനധ്യാപകർ എന്നിവരെ അനുമോദിച്ചു. സ്പെഷ്യൽ സ്കൂളുകളോട് സർക്കാർ കാണിക്കുന്ന നിരന്തരമായ അവഗണനയിൽ പ്രതിഷേധിച്ച് സെപ്റ്റംബർ 11-ന് സെക്രട്ടറിയേറ്റ് പടിക്കൽ AID സംഘടിപ്പിച്ച ഉപവാസസമരത്തിൽ ബഹു. റോയി മാത്യു വടക്കേൽ അച്ചനോടൊപ്പം ആശാനിലയം സ്പെഷ്യൽ സ്കൂളിലെ ജീവനക്കാരും കുട്ടികളും പങ്കെടുത്തു.

**സന്ദർശനങ്ങൾ**

കാഞ്ഞിരപ്പള്ളി അസോവ സംഘടന അംഗങ്ങൾ ഏഞ്ചൽ വില്ലേജ് സന്ദർശിക്കുകയും കുട്ടികൾക്ക് ഭക്ഷണം നൽകുകയും ചെയ്തു.

കുട്ടിക്കാനം മരിയൻ കോളേജിലെ (MBA Department) വിദ്യാർത്ഥികളും കാഞ്ഞിരപ്പള്ളി രൂപതയിലെ നസ്രാണിപുരം ഇടവകയിൽ നിന്നുമുള്ള സൺഡേസ്കൂൾ വിദ്യാർത്ഥികളും എയ്ഞ്ചൽസ് വില്ലേജ് സന്ദർശനം നടത്തി.

**ഓണാഘോഷം**

"നല്ലോണം 2024" എന്ന പേരിൽ സെപ്റ്റംബർ 13-ാം തീയതി എയ്ഞ്ചൽസ് വില്ലേജിൽ ഓണാഘോഷം സംഘടിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപത സിഞ്ചെല്ലൂസ് ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ അധ്യക്ഷപ്രസംഗം നടത്തുകയും ശ്രീ. കെ. റോയി പോൾ IAS (Retd) ഉദ്ഘാടന കർമ്മം നിർവഹിക്കുകയും ചെയ്തു. ഡോ. എൻ. ജയരാജ് (ചീഫ് വിപ്പ്), വാർഡ് മെമ്പർ, പി.ടി.എ. പ്രസിഡന്റ്, ഡോ. എ.റ്റി. ത്രേസ്യാക്കുട്ടി, ശ്രീ. സുശീല കുര്യാച്ചൻ, ശ്രീ. റ്റി.എം. ജോൺ എന്നിവരുടെ ആശംസയും സാന്നിദ്ധ്യവും ഓണാഘോഷത്തിന് കൂടുതൽ നിറം പകർന്നു. കുട്ടികളുടെയും ടീച്ചേഴ്സിന്റെയും വിവിധ കലാപരിപാടികളോടൊപ്പം അത്തപ്പൂക്കളവും, ഓണക്കളികളും, മാവേലിയും ഓണസദ്യയും കൂടിചേർന്നപ്പോൾ എയ്ഞ്ചൽസ് വില്ലേജിലെ ഓണാഘോഷത്തിന്റെ മാറ്റുകൂട്ടി.

**തിരുനാൾ മംഗളങ്ങൾ**

''നോവുന്ന നൊമ്പരങ്ങൾക്ക് നന്മയുടെ നിറം പകരുന്ന'' ഡയറക്ടർ ബഹു. റോയി അച്ചന് സെപ്റ്റംബർ 12-ാം തീയതി ആശാനിലയം സ്പെഷ്യൽ സ്കൂളിൽ വച്ച് നാമഹേതുക തിരുനാളിന്റെ മംഗളങ്ങളും പ്രാർത്ഥനകളും എയ്ഞ്ചൽസ് വില്ലേജിലെ മാലാഖമാർ ഒന്നുചേർന്ന് ആശംസിച്ചു.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**ഭവനനിർമ്മാണ സഹായം**

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 1,10,000/- രൂപ ധനസഹായമായി നൽകി.

**മറ്റ് സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 8,76,150/- രൂപ ചിലവഴിച്ചു.

**മലനാട് ജീവകാരുണ്യ പദ്ധതി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 6,95,300/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സീഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 3,81,560/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# ഇൻഫാം

- സെപ്റ്റംബർ 11 ബുധനാഴ്ച 6.30 pm ന് പൊടിമറ്റത്തുള്ള ഇൻഫാം മാർട്ടിന്റെ ആശീർവാദകർമ്മം ഇൻഫാം മാർക്കറ്റിംഗ് സെൽ ഡയറക്ടറും ഇൻഫാം വെളിച്ചിയാനി കാർഷിക താലൂക്ക് ഡയറക്ടറുമായ ഫാ. മാർട്ടിൻ വെള്ളിയാംകുളം നിർവ്വഹിച്ചു.
- സെപ്റ്റംബർ 13 വെള്ളിയാഴ്ച 10.30 am ന് കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ നിർവ്വാഹക സമിതിയുടെയും താലൂക്ക് ഡയറക്ടർമാരുടെയും സംയുക്ത സമ്മേളനവും ഓണാഘോഷവും പാറത്തോട് കേന്ദ്ര ഓഫീസിൽ വച്ച് നടന്നു.
- പരിസ്ഥിതി ദുർബല പ്രദേശ പ്രഖ്യാപനത്തിൽ ഉൾപ്പെട്ടിരിക്കുന്ന ജനവാസമേഖലകളെ പൂർണ്ണമായും ഒഴിവാക്കുക, ഏലമലക്കാടുകൾ വനഭൂമിയാക്കാനുള്ള വനംവകുപ്പിന്റെ തീരുമാനം ഉപേക്ഷിച്ച് റവന്യൂഭൂമിയായി നിലനിർത്തുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് 2024 സെപ്റ്റംബർ 17-ാം തീയതി 7.30 pm ന് പാറത്തോട് മലനാട് ഓഡിറ്റോറിയത്തിൽ വച്ച് ഇൻഫാം ഇ.എസ്.എ. വിടുതൽ സന്ധ്യ സംഘടിപ്പിച്ചു. ഗവ. ചീഫ് വിപ്പ് ഡോ. എൻ ജയരാജ്, എം.പി.മാരായ ശ്രീ. ആന്റോ ആന്റണി, ശ്രീ. ജോസ് കെ. മാണി, ശ്രീ. ഫ്രാൻസിസ് ജോർജ്, ശ്രീ. ഡീൻ കുര്യാക്കോസ്, എം.എൽ.എ.മാരായ ശ്രീ. വാഴൂർ സോമൻ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ലാ രക്ഷാധികാരി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ, ഇൻഫാം സംസ്ഥാന ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ, ദേശീയ സംസ്ഥാന കാർഷിക ജില്ല, കാർഷിക താലൂക്ക് തലങ്ങളിലെ നേതാക്കന്മാരും സമ്മേളന ത്തിൽ പങ്കെടുത്തു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**ഡയറക്ടർ**

# പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി ഗ്രാമതലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പി.ഡി.എസ് ഓർഗാനിക് സ്പൈസസ്**

പി.ഡി.എസ് ഓർഗാനിക് സ്പൈസസ് ഫെയർട്രേഡ് കർഷകരുടെ സംഘമായ എസ്.ഓ.എസ്.എഫ്.സി.യുടെ വാർഷിക പൊതുയോഗവും കർഷകർക്കുള്ള പരിശീലനവും 30/08/2024 ന് തട്ടാത്തിക്കാനം സഹ്യാദ്രി റിസർച്ച് സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു.

150 കർഷകർ പങ്കെടുത്ത യോഗത്തിൽ പി.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്ത്പുരയിടം മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് നടന്ന പരിശീലനത്തിൽ പാമ്പാടുംപാറ ഏലം ഗവേഷണ കേന്ദ്രം മേധാവി ഡോ. എം. മുരുകൻ കാലാവസ്ഥ വ്യതിയാനവും സുഗന്ധവ്യഞ്ജന കൃഷിയും എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു.

**കയറ്റുമതി**

പി ഡി എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞമാസം നടന്ന കയറ്റുമതികൾ: യു.എസ്.എ : 4, ജർമ്മനി : 1

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു. ഓ പി കൺസൾട്ടേഷൻ നടത്തുകയും ചെയ്തു. സഹ്യാദ്രി

ആയുർവേദയിൽ ലേഡി തെറാപ്പിസ്റ്റായി മിസ്സിസ് ടിന്റു ടൈറ്റസ് ചാർജ് എടുത്തു.

സഹ്യാദ്രി ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തിയറി ആൻഡ് പ്രാക്ടിക്കൽ ക്ലാസുകൾ ആരംഭിച്ചു. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്

സാമ്പിളുകൾ പരിശോധിച്ചത് വാട്ടർ: 10, സോയിൽ:3, കമ്പോസ്റ്റ്: 1

**മൈക്രോബയോളജി ലാബ്**

ട്രൈക്കോഡർമ : 230 Ltr വിൽപ്പന നടത്തി

ട്രൈക്കോഡർമ : 300 Ltr ഉല്പാദിപ്പിച്ചു.

സ്യൂഡോമോണസ്: 5 Ltr വിൽപ്പന നടത്തി.

**ഇക്കോ ഫാം**

2004 കുരുമുളക് തൈകൾ ഉത്പാദിപ്പിച്ചു. 554 കുരുമുളക് തൈകൾ വിൽപ്പന നടത്തി. 3140 കുരുമുളക് തൈകൾ നിലവിൽ സ്റ്റോക്ക് ഉണ്ട്.

4754 കാപ്പി തൈകൾ വിൽപ്പന നടത്തി.

**ഗാർഡൻ**

824 അലങ്കാര ചെടികൾ വിൽപ്പന നടത്തി.

**കമ്പോസ്റ്റ്**

300 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു.

124 കിലോഗ്രാം വിൽപ്പന നടത്തി.

310 കിലോഗ്രാം നിലവിൽ സ്റ്റോക്ക് ഉണ്ട്.

**ബയോഗറിജിൻ തട്ടാത്തിക്കാനം**

വിവിധ ഇനം ഉൽപ്പന്നങ്ങളിലായി 554 പാക്കറ്റുകൾ വില്പന നടത്തി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**ജോയിന്റ് റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ ഓണാഘോഷത്തോടനുബന്ധിച്ച് ജോയിന്റ് റീജണൽ മീറ്റിംഗ് ആയി തട്ടാത്തിക്കാനം ട്രെയിനിങ് സെന്ററിൽ വെച്ച് നടത്തി.

പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിനു പ്രോജക്ട് കോ-ഓഡിനേറ്റർ ശ്രീ. സെബിൻ മാത്യു സ്വാഗതം ആശംസിക്കുകയും പി.ഡി.എസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

അസിസ്റ്റന്റ് ഡയറക്ടർ ഫാ. റോയി നെടുംതടിയിൽ ആശംസകൾ അർപ്പിക്കുകയും, പി.ഡി.എസ് പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫിന്റെ നേതൃത്വത്തിൽ പി.ഡി.എസിന്റെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ ചർച്ച നടത്തുകയും ചെയ്തു.

വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്തു. റീജിയണൽ സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിച്ചു. പി.ഡി.എസ് റീജിയണൽ കോ-ഓഡിനേറ്റേഴ്സും, സ്റ്റാഫ് അംഗങ്ങളും ഓണാഘോഷ പരിപാടിയിൽ സന്നിഹിതരായിരുന്നു.

**യൂണിറ്റ് വാർഷികം**

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെ പത്തനംതിട്ട റീജിയണിലെ സീതത്തോട് യൂണിറ്റിൽ യൂണിറ്റ് ഡയറക്ടർ ജോസഫ് മൈലാടി അച്ചന്റെ അധ്യക്ഷതയിൽ വാർഷികാഘോഷ

പരിപാടികൾ ഭംഗിയായി നടത്തപ്പെട്ടു. പി.ഡി.എസ് ജോയിന്റ് ഡയറക്ടർ ഫാ. ബ്രിജേഷ് പുറ്റുമണ്ണിൽ വാർഷികാഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

കേരളത്തിലെ വിവിധ ജില്ലകളിലായി രൂപീകരിച്ച 32 കർഷക കമ്പനികളിൽ 28 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ബിസിനസ് സംരംഭങ്ങളിലേക്ക് കടന്നു.

**ഷെയർ വിതരണവും വാർഷിക പൊതുയോഗവും**

മലയോര ഉണർവ് ഫാർമർ പ്രൊഡ്യൂസർ കമ്പനിയുടെ മൂന്നാം ഘട്ട ഷെയർ വിതരണ ഉത്ഘാടനവും, വാർഷിക പൊതുയോഗവും മലയോര ഉണർവ് ഓഫീസ് അങ്കണത്തിൽ നടന്നു. കമ്പനി ചെയർമാൻ ശ്രീ. രാജേന്ദ്രൻ മാരിയിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന് ഡയറക്ടർ ശ്രീ. ജോമോൻ വി റ്റി സ്വാഗതം ആശംസിച്ചു. കമ്പനി സി.ഇ.ഓ ശ്രീ. ജിബിൻ കെ ജോർജ് റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. കൃഷി ഓഫീസർ ശ്രീമതി അന്ന ഇമ്മാനുവേൽ യോഗം ഉത്ഘാടനം ചെയ്തു. ഡയറക്ടർ ശ്രീമതി മേഴ്സി ജോർജ് ഷെയർ സമാഹരണയജ്ഞം ഉത്ഘാടനം ചെയ്തു. അഗ്രി എക്സ്പേർട്ട് ശ്രീ. സനൂപ് സുരേന്ദ്രൻ, ശ്രീ. തോമസ് M M എന്നിവർ ആശംസകൾ നേർന്നു. പി.ഡി.എസ് കോ–ഓ ർഡിനേറ്റർ ശ്രീ. ജോസഫ് കെ.എസ് മുഖ്യപ്രഭാഷണം നടത്തി. തുടർന്ന് പൊതു ചർച്ചയും യോഗത്തിൽ പങ്കെടുത്ത കർഷകർക്ക് ഫ്രീ ആയി വാഴ വിത്ത് വിതരണവും നടത്തി. തുടർന്ന് കമ്പനി ഡയറക്ടർ ശ്രീ. ബെർലി ജോസഫ് നന്ദി പറഞ്ഞു ദേശീയ ഗാനത്തോടെ യോഗം അവസാനിച്ചു.

## ഇന്റൺഷിപ്പ് പ്രോഗ്രാം

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി 3 കോളേജുകളിൽ നിന്നായി 7 വിദ്യാർത്ഥികൾ പി.ഡി. എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

## സാമ്പത്തിക സഹായങ്ങൾ

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ : വിദ്യാഭ്യാസ സഹായം: 4,87,173/–, ഭവന നിർമ്മാണം: 1,36,209/–, വരുമാനദായക പ്രവർത്തനങ്ങൾ: 47820/–, ചികിത്സാ സഹായം: 182563/–

## കൗൺസിലിംഗ് സേവനം

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി 28 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

## ആരോഗ്യ ഇൻഷുറൻസ് പദ്ധതി

ന്യൂ ഇന്ത്യ അഷുറൻസ് കമ്പനിയുടെ സഹായത്തോടെ പി. ഡി.എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 176 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാസഹായമായി 5 യൂണിറ്റിൽ 6 പേർക്ക് 47,690/– രൂപ വിതരണം ചെയ്തു. കരുണാപുരം : 6,220/–, നരിയമ്പാറ: 8,440/–, രാജഗിരി: 17,280/–, എയ്ഞ്ചൽവാലി : 8,900/–, മ്ലാമല: 6,850/–.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**സെപ്റ്റംബർ 2024**

01 ചെങ്കൽ ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും പുതിയ ദൈവാലയത്തിന് തറക്കല്ലിടുകയും ചെയ്തു.

– അക്കരപ്പള്ളിയിൽ വിശ്വാസപരിശീലന വിഭാഗം സംഘടിപ്പിച്ച മരിയൻ തീർത്ഥാടനത്തിൽ സന്ദേശം നൽകി.

02 കുമരകം നസ്രത്ത് ഇടവകയിൽ പരേതനായ ചിറ്റൂർ ബഹു. ജോസഫച്ചന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങളിൽ സംബന്ധിക്കുകയും വി. കുർബാനയർപ്പിക്കുകയും ചെയ്തു.

– പട്ടുമല വേളാങ്കണ്ണി മാതാ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

– പൊൻകുന്നം ഇടവക പരേതയായ കണ്ണമംഗലം ലീലാമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 അക്കരപ്പള്ളിയിൽ കുടുംബപ്രേഷിതത്വ വിഭാഗം സംഘടിപ്പിച്ച മരിയൻ സംഗമത്തിൽ സന്ദേശം നൽകി.

– എസ്.എം.വൈ.എം. സംസ്ഥാന സമിതി സംഘടിപ്പിച്ച ജപമാല യജ്ഞത്തിന്റെ ഓൺലൈൻ സമ്മേളനത്തിൽ സന്ദേശം നൽകി.

– വെളിച്ചിയാനി ഇടവക പരേതയായ കല്ലറക്കൽ ത്രേസ്യാമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

– അമല കമ്മ്യൂണിക്കേഷൻസിന്റെ പുതിയ നാടകം തച്ചൻ പ്രദർശന ആരംഭചടങ്ങിൽ സംസാരിച്ചു.

07 എയ്ഞ്ചൽവാലി ഇടവകയിൽ പുതിയ ദൈവാലയത്തിന് തറക്കല്ലിട്ടു.

– അക്കരപ്പള്ളിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

08 കട്ടപ്പന വള്ളക്കടവ് ഇടവകയിൽ പുതുതായി നിർമ്മിച്ച ദൈവാലയം കൂദാശ ചെയ്തു.

09 പൊടിമറ്റം ഇടവകയിൽ വിവാഹവാഗ്ദാനത്തിൽ കാർമ്മികത്വം വഹിച്ചു.

9–13 രാമനാഥപുരം സാന്തോം പാസ്റ്ററൽ സെന്ററിൽ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം നയിച്ചു.

14 പാലമ്പ്ര ഹോളി ക്രോസ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു.

– ചങ്ങനാശ്ശേരി അതിരൂപത ആർപ്പൂക്കര ഇടവകയിൽ സി.എം.എൽ. സംസ്ഥാനസമിതി സംഘടിപ്പിച്ച ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ സമ്മേളനത്തിൽ സംസാരിച്ചു.

– ചങ്ങനാശ്ശേരി അതിരൂപത ളായിക്കാട് ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

15 കാഞ്ഞിരപ്പള്ളി കത്തീദ്രലിൽ ഒരു വിവാഹം ആശീർവദിച്ചു.

– ഇഞ്ചിയാനി ഇടവകയിൽ പരേതനായ ചിലമ്പിക്കുന്നേൽ തോമസിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

16 മ്ലാമല ഫാത്തിമ ഹൈസ്കൂളിൽ ലീഗൽ സർവ്വീസ് ക്ലബ് വാർഷിക സമ്മേളനത്തിൽ സംബന്ധിച്ചു.

– കാഞ്ഞിരപ്പള്ളിയിൽ അമല ഡെന്റൽ ക്ലിനിക്ക് ആശീർവദിച്ചു.

17 പൊടിമറ്റത്ത് വിവാഹ സുവർണ്ണജൂബിലി പൂർത്തിയായവരുടെ സംഗമത്തിൽ സംബന്ധിച്ചു.

– പാറത്തോട് ഇൻഫാം ഇ.എസ്.എ. വിടുതൽ സന്ധ്യ സമ്മേളനത്തിൽ സംബന്ധിച്ചു.

18 അതിരമ്പുഴ ഇടവകയിൽ ഒരു വിവാഹം ആശീർവദിച്ചു.

– വിജയപുരം രൂപത കോട്ടയം ഗുഡ്ഷെപ്പേർഡ് ഇടവകയിൽ പരേതയായ മയ്യാറ്റിൻ സിസിലിയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

19 ഇടക്കുന്നം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

– പൊൻകുന്നം ഇടവകയിൽ പരേതയായ മംഗലത്തുകരോട്ട് തങ്കമ്മയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 പാസ്റ്ററൽ സെന്ററിൽ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു.

21 അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ നാമഹേതുകതിരുനാൾ ആഘോഷത്തിൽ സംബന്ധിച്ചു.

22–27 പൊടിമറ്റം മൈനർ സെമിനാരിയിൽ വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

25 സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ ആനുവൽ ജനറൽ ബോഡി യോഗത്തിലും ചെയർമാൻ ഇലക്ഷനിലും പങ്കെടുത്തു.

27 മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു.

– സീറോ മലബാർ മെത്രാന്മാരുടെ ഓൺലൈൻ സമ്മേളനത്തിൽ സംബന്ധിച്ചു.

– മംഗളവാർത്താ ഓൺലൈൻ ധ്യാനത്തിൽ സന്ദേശം നൽകി.

– ആനക്കല്ല് ഇടവകയിൽ പരേതയായ തൂങ്കുഴി അന്നക്കുട്ടി തോമസിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

28 തൃശൂർ സ്പെഷ്യൽ സ്കൂൾസ് സമ്മേളനത്തിൽ സംബന്ധിച്ചു.

## മാർ മാത്യു അറയ്ക്കൽ
## സെപ്റ്റംബർ 2024

01 മുണ്ടക്കയം വ്യാകുലമാതാ ഫൊറോന ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശമേകി.

02 കുമരകം നവനസ്രത്ത് പള്ളിയിൽ ബഹു. ചിറ്റൂർ ജോസഫച്ചന്റെ മൃതസംസ്ക്കാരകർമ്മങ്ങളുടെ സമാപനഭാഗം പരികർമ്മം ചെയ്തു.

06 കാഞ്ഞിരപ്പള്ളി പഴയപള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

08 ചെങ്ങളം ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

– പൊൻകുന്നം ഫൊറോനാദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

14 പൊടിമറ്റം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

15 പഴയിടം ദൈവാലയത്തിൽ ഒരു വിവാഹം ആശീർവദിച്ചു.

19 എരുമേലി ഫൊറോന ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നല്കി.

21 വി. മത്തായിശ്ലീഹായുടെ തിരുനാൾദിനത്തിൽ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

22 വി. മത്തായിശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് കർമ്മലീത്താമഠത്തിൽ വി. ബലിയർപ്പിച്ചു.

23 വൈദികന്മാരുടെ ആദ്യബാച്ച് വാർഷികധ്യാന അവസരത്തിൽ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

30 വൈദികന്മാരുടെ രണ്ടാം ബാച്ചിന്റെ വാർഷികധ്യാന അവസരത്തിൽ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## OCTOBER - 2024

| Date | Programme | Place | Time |
|---|---|---|---|
| Sept 29- Oct 4 | Priests' Annual Retreat | Minor Seminary | |
| 1 | Meeting, KSSF | Pastoral Centre | 3.00 pm |
| 2 | Inauguration, Alphonsa Padha Yathra | Akkarappally | 8.30 am |
| 4 | Governing Body, MMT | Mundakayam | 7.00 pm |
| 5 | Vestition (Benedictine Sisters) | Nallathanny | 11.00 am |
| 5-6 | Pastoral Visit | Anickadu | |
| 7 | Online Meeting, SMCC | | 8.30 pm |
| 8 | Inter department Meeting (Pastoral) | Pastoral Centre | 5.00 pm |
| 11 | Meeting, SMCC | Kakkanad | 10.00 am |
| 12 | Vestition (FCC) | Podimattom | 10.30 am |

| | | | |
|---|---|---|---|
| 12-13 | Pastoral Visit | Puliyanmala | |
| 14-16 | Idayakoodaram | Vazhoor | |
| 17 | Church Reconsecration | Mundiyerama | 4.00 pm |
| 18-20 | Meeting, SMCC | Kakkanadu | |
| 21 | Interdepartment Meeting (Social) | Pastoral Centre | 5.00 pm |
| 22 | Ecumenical Meeting | Nilackal | 9.00 am |
| 24 | Blessing - MDS Chilling Plant and Farm | Theni | 11.30 am |
| 25 | Seminary Commission Visit | Vadavathoor | 8.30 am |
| 26 | Holy Qurbana - FCC Provincial House | Podimattom | 8.30 am |
| - | Marriage | Podimattom | 11.00 am |
| - | House Blessing | Inchiyani | 3.30 pm |
| 28-30 | Idayakoodaram | Vazhoor | |
| 30 | Jubilee Gathering | Pastoral Centre | 7.30 pm |
| 31 | Metropolitan Installation | Changanacherry | 10.30 am |



കാഞ്ഞിരപ്പള്ളി
അമല
കമ്യൂണിക്കേഷൻസ്
36-ാമത് നാടകം
ON STAGES
FROM
2024
AUG
15
അപ്പൻ
THE PROTECTOR
THE STORY OF ST. JOSEPH
WRITTEN BY
HEMANTHKUMAR
PRODUCED BY
FR. JOSEPH KOCHUVEETTIL
DIRECTED BY
RAJESH IRULAM
FOR MORE DETAILS,
9447564084

# 2024 ഒക്ടോബർ

## ഏലിയാ – സ്ലീവ – മൂശെ കാലങ്ങൾ

| | | |
|---|---|---|
| 1 | ചൊവ്വ | ഹെബ്രാ 2:5-10; ലൂക്കാ 14:7-11. |
| 2 | ബുധൻ | ഫിലി 1:19-26; യോഹ 13:31-35. |
| 3 | വ്യാഴം | ഫിലി 2:5-11; യോഹ 17:1-8. |
| 4 | വെള്ളി | റോമാ 8:12-17; യോഹ 17:9-19. |
| 5 | ശനി | 2 കോറി 3:12-18; യോഹ 17:20-26. |
| 6 | ഞായർ | ✠ സ്ലീവ നാലാം ഞായർ<br>പുറ 33:12-17; ജറെ 20:7-13;<br>2 കോറി 1:3-7; മത്താ 11:25-30. |
| 7 | തിങ്കൾ | യാക്കോ 5:7-11; ലൂക്കാ 21:5-19. |
| 8 | ചൊവ്വ | 2 കോറി 4:7-18; ലൂക്കാ 6:20-26. |
| 9 | ബുധൻ | ഹെബ്രാ 12:4-13; മത്താ 14:1-12. |
| 10 | വ്യാഴം | ഫിലി 3:7-16; യോഹ 11:4-11. |
| 11 | വെള്ളി | 2 കോറി 5:1-10; യോഹ 12:20-26. |
| 12 | ശനി | 1 പത്രോ 3:13-17; യോഹ 15:18-27. |
| 13 | ഞായർ | ✠ മൂശെ ഒന്നാം ഞായർ<br>പുറ 20:18-21; ജോയേ 2:1-11;<br>ഹെബ്രാ 10:19-25; മത്താ 25:31-46. |
| 14 | തിങ്കൾ | 1 കോറി 15:29-34; യോഹ 5:24-29. |
| 15 | ചൊവ്വ | കൊളോ 2:20-3:4; യോഹ 14:18-24. |
| 16 | ബുധൻ | 1 പത്രോ 4:12-19; യോഹ 10:1-15. |
| 17 | വ്യാഴം | റോമാ 8:35-39; യോഹ 12:20- 26. |
| 18 | വെള്ളി | കൊളോ 4:10-15 (4:10-15 + 2 കോറി 8:16-24);<br>ലൂക്കാ 10:1-9. |
| 19 | ശനി | 2 പത്രോ 3:14-18; ലൂക്കാ 14:15-24. |
| 20 | ഞായർ | ✠ മൂശെ രണ്ടാംഞായർ<br>ഉത്പ 19:23-29; മലാ 4:1-6;<br>1 തെസ 4:13-18; ലൂക്കാ 21:20-28. |
| 21 | തിങ്കൾ | ഫിലി 4:1-9; ലൂക്കാ 21:29-36. |
| 22 | ചൊവ്വ | വെളി 21:1-8; യോഹ 21:4-14 (21:4-17). |
| 23 | ബുധൻ | യാക്കോ 1:12-18; ലൂക്കാ 15:1-10. |
| 24 | വ്യാഴം | ഫിലി 2:12-18; ലൂക്കാ 13:22-30. |
| 25 | വെള്ളി | എഫേ 2:1-10; യോഹ 12:44-50. |
| 26 | ശനി | ഫിലി 1:27-2:4; ലൂക്കാ 9:49-56. |
| 27 | ഞായർ | ✠ മൂശെ മൂന്നാം ഞായർ<br>നിയ 11:1-7; ജ്ഞാനം 6:1-10;<br>1 തെസ 5:12-24; മത്താ 12:22-32. |
| 28 | തിങ്കൾ | എഫേ 6:10-17; യോഹ 15:18-25. |
| 29 | ചൊവ്വ | 2 കോറി 11:12-15; മത്താ 24:23-28. |
| 30 | ബുധൻ | 2 പത്രോ 2:1-10; മർക്കോ 13:1-8, 21-23. |
| 31 | വ്യാഴം | യൂദാ 1:8-16; ലൂക്കാ 11:37-44. |



Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654